ശ്രീ. ടി. കെ. നാരായണപിള്ള: 21 കൊല്ലത്തെ സവ്വീസു പൂത്തിയായിട്ടുള്ളവരെ അവരുടെ വയസ്സിൽ വ്യത്യാസം ഉണ്ടെന്നു കാണുന്ന പക്ഷം പിരിച്ചുവിടണമെന്നാണ് ഗവർമ്മെണ്ടു തീരുമാനിച്ചിട്ടുള്ളതു".

ശ്രീ. എ. താണുപിള്ള: ഈ 21 വർഷം സവ്വീസുപൂത്തിയായിട്ടുള്ളവരെമാത്രം പിരിച്ചുവിടണമെന്നും അങ്ങനെ സവ്വീസുപൂത്തിയാകാത്തവക്കു പിന്നെയും തുടരാമെന്നും തീരുമാനിച്ചിട്ടുള്ളതു എന്തുകൊണ്ടാണ്?

ശ്രീ. ടി. കെ. നാരായണപിള്ള: സവ്വീസുറൂളേഷൻ അനുസരിച്ചു 21 വർഷം സവ്വീസുപൂത്തിയായിട്ടുള്ളവരെ പിരിച്ചുവിടുന്നതിനു ഗവർമ്മെണ്ടിനു അധികാരമുണ്ട്. അതിനെ അടിസ്ഥാനമാക്കിയാണ് അങ്ങനെ വയസ്സിനു വ്യത്യാസമുള്ള 21 വർഷം സവ്വീസുപൂത്തിയായവരെ പിരിച്ചുവിടുന്നതു.

LEGISLATIVE BUSINESS

Mr. Speaker: Order, order. We will go on to legislative business now.

Sri. A. J. John: Sir, I beg to request that the time fixed for the submission of the Select Committee Report on the Agricultural Income Tax Bill be extended to 5th April 1950.

The question was put and carried.

Introduction of the Hindu Religious Institutions Bill

Sri. T. K. Narayana Pillai: I introduce the Hindu Religious Institutions Bill and beg to move that the Bill be referred to a Select Committee.

Sri. A. J. John: I second it.

ശ്രീ. ടി. കെ. നാരായണപിള്ള: സർ, ഈ ബിൽ സഭയുടെ ചർച്ചയ്ക്കു വിഷയീഭവിക്കുന്നതിനു മുമ്പായി ഏതാനും സംഗതികൾ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ദേവസ്വം ബോർഡു ജനനമെടുത്തിട്ടുള്ളതു കവനൻറിലെ ചില വ്യവസ്ഥകൾ അനുസരിച്ചാണ്. കവനൻറിലെ വ്യവസ്ഥാനുസരിച്ചു ദേവസ്വം ബോർഡിലേക്കു ഒരു ലക്ഷം രൂപാ കൊടുക്കണമെന്നുവിധം ബഹുമാനപ്പെട്ട അംഗങ്ങൾക്കു മാർഗ്ഗമുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. അതിനുംപുറമെ ദേവസ്വം ബോർഡിൻറെ സംഘടനയെപ്പറ്റിയും ചില വ്യവസ്ഥകൾ കവനൻറിൽ വിവരിച്ചിട്ടുണ്ട്. അതനുസരിച്ചു മൂന്നംഗങ്ങളാണ് ദേവസ്വം ബോർഡിൽ ഉണ്ടായിരിക്കേണ്ടതെന്നു പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്. അങ്ങനെ നിയമിക്കുന്ന മൂന്നംഗങ്ങളിൽ ഒരാളെ നിയമസഭയിലെ ഹിന്ദുമെമ്പർമാർ തിരഞ്ഞെടുക്കണം വേറൊരാളെ മന്ത്രിസഭയിൽനിന്നും ഹിന്ദുമന്ത്രിമാർകൂടി തിരഞ്ഞെടുക്കണം; മൂന്നാമതൊരാളെ രാജപ്രമുഖൻ തിരഞ്ഞെടുക്കണം എന്നാണ് കവനൻറിലെ വ്യവസ്ഥകൾ. ഈ കവനൻറ ദേവസ്വം ബോർഡുകാര്യങ്ങളെ സംബന്ധിച്ചു് എന്തെങ്കിലും മൌലികമായ വ്യത്യാസം വരുത്തുവാൻ സാദ്ധ്യമല്ലെന്നാണു ഗവർമ്മെണ്ടിനു കിട്ടിയിട്ടുള്ള നിയമോപദേശം.

ഈ കവനൻറിലെ വ്യവസ്ഥകൾ അടിസ്ഥാനമാക്കി ഒരു ഓർഡിനൻസു് നിലവിലുണ്ടെന്നു ബഹുമാനപ്പെട്ട അംഗങ്ങൾക്കു് അറിയാം. ആ ഓർഡിനൻസിലെ ചില വ്യവസ്ഥകൾ അടിസ്ഥാനമാക്കി പുതിയരൂപത്തിൽ ഉണ്ടാക്കിയിട്ടുള്ള ഒരു ബില്ലാണ് ഈ സഭയുടെ ചർച്ചക്കായി ഇപ്പോൾ അവതരിപ്പിച്ചിട്ടുള്ളതു.

ഹിന്ദു റിലിജിയസു് ഇൻസ്റ്റിറ്റ്യൂഷൻസു് ഇൻഡ്യൻ കാൺസ്റ്റിറ്റ്യൂഷനിൽ കൺകറൻറ് ലിസ്റ്റിലാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നു ബഹുമാനപ്പെട്ട അംഗങ്ങൾക്കു അറിയാമെന്നു ഞാൻ വിശ്വസിക്കുന്നു. അതനുസരിച്ചു നിയമനിർമ്മാണം ഉണ്ടാക്കുന്നതിനു കേന്ദ്രനിയമസഭയ്ക്കും ഇൻഡ്യാഗവർമ്മെണ്ടിനും അധികാരമുള്ളതാണ്. വേണമെങ്കിൽ, പാർലമെൻറിൽ ഒരു ബിൽകൊണ്ടുവന്നു ഗവർമ്മെണ്ടിൽനിന്നും ഈ സംബന്ധിച്ചു ഒരു ഓർഡിനൻസു പാസ്സാക്കുന്നതിനുള്ള അധികാരം പുതിയ കാൺസ്റ്റിറ്റ്യൂഷനിലെ വ്യവസ്ഥയനുസരിച്ചു ഉണ്ടെന്നുള്ളസംഗതി പ്രത്യേകം ഓർമ്മിക്കേണ്ടതാണ്. ഈ ബില്ലുകൊണ്ടു പ്രധാനമായി വരുത്താൻ ഉദ്ദേശിക്കുന്ന വ്യത്യാസങ്ങളെപ്പറ്റി പറയാനാണ് ഞാൻ ഉദ്ദേശിക്കുന്നതു.

ആദ്യമായി ഓർഡിനൻസിലുള്ള വ്യവസ്ഥ അനുസരിച്ചു ദേവസ്വംബോർഡു് അംഗങ്ങളുടെ അധികാരസീമയെ പരിമിതപ്പെടുത്തിയിരുന്നു. ദേവസ്വം ബോർഡി

LIBRARY ARCHIVES Kerala Legislative Assembly

[Sri. T. K. Narayana Pillai]

ലേക്ക കൊടുക്കുന്നതായ സംഖ്യയിൽനിന്നും ക്ഷേത്രങ്ങളിലെ പൂജാകർമ്മങ്ങളെ ശരിയായി നടത്തുന്നതിനും ക്ഷേത്രങ്ങളും പുനരുദ്ധരിക്കുന്നതിനും ബാക്കിയുള്ള സംഖ്യകൊണ്ടു ദേവസ്വത്തിലേക്ക വസ്തുക്കളും വാങ്ങുന്നതിനുമാണ് ആർഡിനൻസിൽ വ്യവസ്ഥയുണ്ടായിരുന്നതു്. എന്നാൽ പുതിയ ബില്ലിൽ ഈ വകുപ്പുകൂടുതൽ വിപുലപ്പെടുത്തിയിട്ടുണ്ടു്. അതായതു ദേവസ്വം ബോർഡിനു പ്രത്യേകമായിട്ടുള്ള സ്വത്തുക്കളും ഹിന്ദുസമുദായത്തിന്റെ വിദ്യാഭ്യാസപരമായും സാമ്പത്തികമായും. സാമൂഹ്യമായുമുള്ള പുരോഗമനത്തിനുവേണ്ടി വിനിയോഗിക്കാൻ ദേവസ്വം ബോർഡംഗങ്ങൾക്കു പരിപൂർണ്ണമായ അധികാരം ഉണ്ടായിരിക്കുന്നതാണു്. അതാണു് ക്ലാസു 2 ർ൦ ക്ലാസു് ന്യൂ൦ വകുപ്പുകളിൽ പറയുന്നതു്.

ഇങ്ങനെയുള്ള വ്യത്യാസങ്ങൾ വരുത്തുന്നതിനു ഇടയായിട്ടുള്ളതു ഈ ദേവസ്വം ബോർഡു ഇതുയധികം സംഖ്യകൾ ഹിന്ദുസമുദായത്തിന്റെ സാമൂഹ്യവും, സാമ്പത്തികവും, വിദ്യാഭ്യാസപരവുമായ പുരോഗമനത്തിനുവേണ്ടി ഉപയോഗിക്കണമെന്നു ഹിന്ദുസമുദായത്തിനു അഭിപ്രായമുള്ളതുകൊണ്ടാണു്. ഇതിനുമുമ്പു നിലവിലിരുന്ന വ്യവസ്ഥകൾ സൂക്ഷ്മമായി പരിശോധിക്കുന്ന പക്ഷം ഈ മാതിരിയുള്ള സംഗതികൾക്കുവേണ്ടി ദേവസ്വംബോർഡു അംഗങ്ങൾക്കു പണം വിനിയോഗിക്കുന്നതിനു അധികാരമുണ്ടായിരുന്നെങ്കിലും അതിനെ നിയന്ത്രിക്കുന്നതിനും മറ്റും ആവശ്യമായ വ്യവസ്ഥകൾ അതിൽ ഇല്ലായിരുന്നു.

മൗലികമായ വേറൊരു വ്യത്യാസംവരുത്തിയിട്ടുള്ളതു് ദേവസ്വം ബോർഡിലേക്കുള്ള പുതിയ നിയമനങ്ങളെ ആസ്പദമാക്കിയാണു്. ഇന്നു് ദേവസ്വം ബോർഡിലെ അംഗങ്ങൾക്കു, പുതിയ നിയമനങ്ങൾ നടത്തുന്നതിനുള്ള അധികാരം ആർഡിനൻസിലെ വ്യവസ്ഥയനുസരിച്ചുണ്ടു്. എന്നാൽ ഈ ബില്ലിലെ വ്യവസ്ഥകളനുസരിച്ചു അവരുടെ അധികാരങ്ങളെ ക്ലിപ്തപ്പെടുത്തികൊണ്ടും നിയന്ത്രിച്ചുകൊണ്ടും ദേവസ്വംബോർഡിൽനിന്നും ഉണ്ടാക്കുന്ന ചട്ടങ്ങളെ ആസ്പദമാക്കിയും നിയമനാധികാരം ഒരു സ്റ്റാഫ് സെലക്ഷൻ ബോർഡിലാണു നിക്ഷിപ്തമായിരിക്കുന്നതു്. സ്റ്റാഫ് സെലക്ഷൻബോർഡ് എല്ലാ സമുദായങ്ങൾക്കും പരീക്ഷായോഗ്യതയുള്ളവർക്കും ദേവസ്വങ്ങളിൽ ജോലികിട്ടുന്നതിനു കൂടുതൽ സാധ്യത ഉണ്ടാക്കുമെന്നുള്ള പ്രതീക്ഷയിലാണു ഈ വ്യത്യാസം വരുത്തിയിട്ടുള്ളതു്. ഈ വക കാര്യങ്ങളിൽ യാതൊരുവിധ പരാതികൾക്കും ഇടവരരുതെന്നു വിചാരിച്ചാണു് ഈ വ്യവസ്ഥ ഇതിൽ കൂടുതലായി ചേർക്കണമെന്നു ഉദ്ദേശിച്ചിട്ടുള്ളതു്.

പിന്നീടൊരു വ്യത്യാസം വരുത്തിയിട്ടുള്ളതു ദേവസ്വം ബോർഡിലേക്കു കൊടുത്തിട്ടുള്ള പണത്തിന്റെ ആഡിറ്റിനെ സംബന്ധിച്ചായിരുന്നു. ആഡിറ്റിനെ സംബന്ധിച്ചു പ്രത്യേക ഏർപ്പാടുകൾ ഇന്നു നിലവിലിരിക്കുന്ന ആർഡിനൻസിൽ ഇല്ല. ഈ ലക്ഷം രൂപാ വിനിയോഗിക്കുന്ന ദേവസ്വം ബോർഡിന്റെ കണക്കുകളെ പരിശോധിക്കുന്നതിനും ആഡിറ്റുചെയ്യുന്നതിനും തീർച്ചയായും ആക്കുകയും അധികാരമുണ്ടായിരിക്കേണ്ടതു് ആവശ്യമാണു്. അങ്ങിനെ കണക്കുകൾ ആഡിറ്റുചെയ്യുന്നതിനു് ആവശ്യമായ ഒരു വകുപ്പു് ഈ ബില്ലിൽ ചേർത്തിട്ടുണ്ടു്. ഹൈക്കോടതിക്കു് അതിനുള്ള അധികാരം കൊടുത്തിട്ടുണ്ടു്. ഹൈക്കോടതിക്കു് ഒരു ആഡിറ്ററെ നിയമിക്കുന്നതിനുള്ള അധികാരമുണ്ടായിരിക്കുമെന്നും അങ്ങിനെ ഹൈക്കോടതി നിയമിക്കുന്ന ആഡിറ്റർ ദേവസ്വം ബോർഡിന്റെ കണക്കുകൾ പരിശോധിച്ചു് ഹൈക്കോടതിക്കു റിപ്പോർട്ട് സമർപ്പിക്കാവുന്നതുമാണു്. ഇങ്ങനെ ആഡിറ്ററുടെ റിപ്പോർട്ടിനെ അടിസ്ഥാനമാക്കി വേണ്ടതു ചെയ്യാവുന്നതും അതു ദേവസ്വം ബോർഡിന്റെ അഭിവൃദ്ധിക്കും പുരോഗമനത്തിനും അത്യന്താപേക്ഷിതമാണെന്നും വിചാരിച്ചതുകൊണ്ടാണു് അപ്രകാരം ഹൈക്കോടതിക്കു് ഈ അധികാരങ്ങൾ വിട്ടുകൊടുത്തിരിക്കുന്നതായി ഈ ബില്ലിൽ വ്യവസ്ഥചെയ്തിട്ടുള്ളതു്.

ഏതെങ്കിലും ദേവസ്വം ബോർഡിലെ ഒരംഗം നിയമത്തിനു വിപരീതമായി പ്രവർത്തിക്കുകയോ ഏതെങ്കിലും ഒരംഗം ഏതെങ്കിലും കാരണവശാൽ ന്യായമല്ലാത്ത രീതിയിൽ പണം ചിലവാക്കുകയോ ചെയ്താൽ നിയമപരമായ നടപടി നടത്തി ആ പണം ഈടാക്കുന്നതിനും ഹൈക്കോടതിക്കു് അധികാരമുണ്ടായിരിക്കുമെന്നും ഈ ബില്ലിൽ വ്യവസ്ഥചെയ്തിട്ടുണ്ടു്. അതിന്റെ ആവശ്യത്തെപ്പറ്റി ഇവിടെ പ്രത്യേകം എടുത്തു പറയേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. അനവധി പണം കൈകാര്യംചെയ്യേണ്ടിവരികയുന്നതിനാൽ ധനപരമായ പ്രവർത്തനങ്ങൾ നിയന്ത്രിക്കുക എന്നുള്ളതു് അതിന്റെ സുരക്ഷിതാവസ്ഥക്കു

LIBRARY ARCHIVES Kerala Legislative Assembly

തന്നെ ആവശ്യമാണ്. അതു മാത്രമല്ല പൊതുജനങ്ങളുടെ പണത്തിനു മറെറാരുവിധത്തിൽ ഉത്തരവാദിത്വം വഹിക്കുന്നതിനു പ്രത്യേകവ്യവസ്ഥകളൊന്നും ഇല്ലാത്ത സ്ഥിതിക്കും ഇതു് ഏറെറവും പ്രാധാന്യമർഹിക്കുന്ന ഒന്നായതുകൊണ്ടുമാണു് ഹൈക്കോടതിക്കു് ഈ അധികാരം കൊടുക്കണമെന്നുള്ള ഈ വ്യവസ്ഥ ഈ ബില്ലിൽ ചേർത്തിട്ടുള്ളതു്. ആ വ്യവസ്ഥകളാണു് ൩൨, ൩൩, ൪൦൨, ൪൦൩, ൪൦൪, ൪൦൫, ൪൦൬ ഈ വകുപ്പുകളിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതു്. ഈവകുപ്പുകളനുസരിച്ചു ദേവസ്വം ബോർഡു് തീർച്ചയായും ഏതെങ്കിലും ക്രമക്കേടു പ്രവർത്തിക്കുന്നപക്ഷം അതുസംബന്ധിച്ചു വേണ്ട പരിഹാരം നേടുന്നതിനും പരിഹാരം ആവശ്യമായിട്ടുള്ള കാര്യങ്ങൾക്കു പരിഹാരമുണ്ടാക്കിക്കൊടുക്കുന്നതിനും ഹൈക്കോടതിക്കു് അധികാരമുണ്ടായിരിക്കുന്നതാണു.

പിന്നീടൊരു വ്യത്യാസമുള്ളതു ദേവസ്വം ബോർഡിനോ ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിന്റെ ഭരണാധികാരിക്കോ ആരുടെയെങ്കിലും പേരിൽ വ്യവഹാരം ആവശ്യമാണെന്നു വന്നാൽ ആ സ്ഥാപനത്തിന്റെ പ്രതിനിധി ഒരു സെക്രട്ടറിയാണെന്നു കാണിച്ചുകൊണ്ടുള്ള ഒരു വ്യവസ്ഥയുംകൂടി ഈ ബില്ലിൽ ചേർത്തിട്ടുണ്ടു്. ഇതിനുമുമ്പുള്ള ഓർഡിനൻസിൽ സെക്രട്ടറിയെ നിയമിക്കുന്നതിനുള്ള അധികാരം ഉണ്ടായിരുന്നില്ല. എന്നാൽ ഈ ബില്ലിൽ പറയുന്നതു് ആവശ്യമാണെന്നു തോന്നുന്നപക്ഷം ദേവസ്വം ബോർഡിനു് ഒരു സെക്രട്ടറിയെ നിയമിക്കുന്നതിനുള്ള അധികാരമുണ്ടായിരിക്കും. ആ സെക്രട്ടറിയായിരിക്കും ദേവസ്വം ബോർഡിനെ പ്രതിനിധീകരിക്കുന്നതു്. കാര്യക്ഷമമായ നടത്തിപ്പിനു് ആവശ്യമാണെന്നു തോന്നിയതുകൊണ്ടാണു് ആ വ്യവസ്ഥ ഈ ബില്ലിൽ ചേർക്കുന്നതിനു് ഇടയായിട്ടുള്ളതു്.

വേറെ ഒരു വ്യത്യാസമുള്ളതു് സർക്കാരെ സംബന്ധിച്ചിടത്തോളം സിവിൽ നിയമത്തിൽ അനുശാസിച്ചിട്ടുള്ളതുപോലെ രണ്ടുമാസത്തെ നോട്ടീസുകൊടുത്തതിനുശേഷം മാത്രമേ ദേവസ്വം ബോർഡിന്റെ പേരിൽ ആർക്കെങ്കിലും വ്യവഹാരം കൊടുക്കുന്നതിനു് അവകാശമുണ്ടായിരിക്കുകയുള്ളു എന്നാണു്. അതിനു കാരണമുണ്ടു്. പൊടുന്നനവേ യാതൊരു മുന്നറിവും കൂടാതെ ദേവസ്വം ബോർഡിന്റെ പേരിൽ ആരെങ്കിലും അന്യായം കൊടുത്താൽ അവർക്കു നഷ്ടത്തിനു് ഇടയാകും എന്നുവച്ചാണു് ആ വ്യവസ്ഥ ഈ ബില്ലിൽ വച്ചിട്ടുള്ളതു്. രണ്ടുമാസത്തെ നോട്ടീസുകൊടുക്കുന്നപക്ഷം അതിനു ഹേതുവായ സംഗതികളെപ്പററി ആലോചിച്ചു, രാജിയാകണമെന്നുണ്ടെങ്കിൽ രാജിയാകാം എന്നുദ്ദേശിച്ചാണു് ഈ ബില്ലിൽ ആ വ്യവസ്ഥ ചേർത്തിട്ടുള്ളതു്. എന്നുമാത്രമല്ല ദേവസ്വം ബോർഡിന്റെമേലുള്ള വ്യവഹാരങ്ങളെല്ലാം ജില്ലാക്കോടതിയിലായിരിക്കണം ഫയൽചെയ്യേണ്ടതു് എന്നു് അനുശാസിക്കുന്ന ഒരു വ്യവസ്ഥയും ഇതിലുണ്ടു്. ഇന്നു ദേവസ്വം ബോർഡിന്റെ വകയായി രാജ്യത്തിൽ എല്ലാഭാഗങ്ങളിലും സ്വത്തുക്കളുണ്ടു്. അനേകം മുൻസിഫു് കോടതികളിൽ ഒരേസമയം വ്യവഹാരങ്ങൾ ബോധിപ്പിക്കുന്നപക്ഷം പല അനാവശ്യമായ നഷ്ടത്തിനും ഇടയാകും എന്നു കരുതി ആ കേസുകളെല്ലാം ജില്ലാക്കോടതിയിൽ ഫയലാക്കുന്നതു് എല്ലാംകൊണ്ടും ദേവസ്വം ബോർഡിനെ സംബന്ധിച്ചിടത്തോളം ആദായകരമായിരിക്കും എന്ന ദാവമ്മെണ്ടിനു തോന്നിയതുകൊണ്ടാണു് അങ്ങിനെ ഒരു വ്യവസ്ഥ ഇതിൽ ചേർക്കുവാൻ ഇടയായിട്ടുള്ളതു്. അതാണു് ൪-ാംക്ലാസും ൭൨-ാംക്ലാസും.

ഇതിനെല്ലാം പുറമെ ദേവസ്വം ബോർഡംഗങ്ങളിൽ ആർക്കെങ്കിലും രാജിവയ്ക്കണമെന്നുണ്ടെങ്കിൽ അങ്ങിനെ രാജിവയ്ക്കുവാനുള്ള ഒരവകാശവും ഈ ബില്ലനുസരിച്ചു് അവർക്കു പ്രദാനംചെയ്തിട്ടുണ്ടു്.

ഈ ബിൽ വായിച്ചിട്ടുള്ള ബഹുമാനപ്പെട്ട അംഗങ്ങൾക്കു് ഒന്നരണ്ടു സംഗതികൾ ഇതിലുള്ളതു് അറിയുവാൻ ഇടയായിട്ടുണ്ടെന്നു ഞാൻ വിചാരിക്കുന്നു. അതിലെ ഒന്നാം പാട്ടു് തിരുവിതാംകൂർ ദേവസ്വം ബോർഡിനെ സംബന്ധിക്കുന്നതാണു്. രണ്ടാം പാട്ടു് കൊച്ചി ദേവസ്വം ബോർഡിനെ സംബന്ധിക്കുന്നതാണു്. മൂന്നാം പാട്ടു് ആകെയുള്ള ദേവസ്വത്തെ ഒരുപോലെ സംബന്ധിക്കുന്ന കാര്യങ്ങളാണു്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധികാരത്തെപ്പററി വിവരിക്കുന്ന ഒരു വകുപ്പിൽ ഇവിടെ ഇന്നു നിലവിലിരിക്കുന്ന കാരായ്മ സർവ്വീസിനെപ്പററി ചില വ്യവസ്ഥകളും ഉള്ളതു് ബഹുമാനപ്പെട്ട അംഗങ്ങളും മാമ്മിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. കാരായ്മ സർവ്വീസിന്റെ അടിസ്ഥാനത്തിൽ ചില വ്യക്തികൾക്കു പ്രത്യേകം ചില വസ്തുക്കൾ മാനമായിട്ടു കൊടുത്തിട്ടുണ്ടു്. ഈ ബില്ലിലെ വ്യവസ്ഥ പരിശോധിക്കുന്നപക്ഷം അങ്ങിനെ ആ വസ്തുക്കൾ ശരിയായി സർവ്വീസ്

LIBRARY ARCHIVES Kerala Legislative Assembly

[Sri. T. K. Narayana Pil'ai]

നടത്താത്തപക്ഷം ദേവസ്വം ബോർഡംഗങ്ങൾക്ക് ആ വസ്തു തിരിച്ചെടുക്കുന്നതിന പരിപൂർണ്ണമായ അധികാരം കൊടുത്തിട്ടുണ്ട് എന്ന കാണാം. ഈ അധികാരം ക്ലിപ്തപ്പെടുത്തേണ്ടതാണോ, ആരുടെ വസ്തുവാണോ ദേവസ്വം ബോർഡംഗങ്ങൾ തിരിച്ചെടുക്കുന്നത് ആ ആൾക്ക നീതിന്യായക്കോടതിയിൽ എന്തെങ്കിലും പരിഹാരം കിട്ടുന്നതിന് അവകാശം കൊടുക്കേണ്ടതാണോ എന്നുള്ളതു തീർച്ചയായും ചിന്തിക്കേണ്ട ഒരു വിഷയമാണ്. സിലക്ട് കമ്മിറ്റിയിൽ അതിനെപ്പറ്റി ചിന്തിക്കുമെന്ന ഞാൻ വിശ്വസിക്കുന്നു.

പിന്നീട് സ്വകാര്യ ഉടമകൾ നടത്തുന്ന ക്ഷേത്രങ്ങളെ സംബന്ധിക്കുന്ന വ്യവസ്ഥ പരിശോധിക്കുന്നപക്ഷം സ്വകാര്യ ഉടമകൾ നടത്തുന്ന ക്ഷേത്രങ്ങളൊ അല്ലെങ്കിൽ ഏതെങ്കിലും ട്രസ്റ്റികളെ വച്ചുനടത്തുന്ന ക്ഷേത്രങ്ങളൊ ശരിയായി ക്ഷേത്രകാര്യങ്ങൾ നടത്തുന്നില്ലെന്ന് ദേവസ്വം ബോർഡംഗങ്ങൾക്ക്, ദേവസ്വം കമ്മീഷണരുടെ അന്വേഷണത്തെ അടിസ്ഥാനമാക്കി, അങ്ങനെ സമർപ്പിക്കുന്നതായ റിപ്പോർട്ടിനെ ആസ്പദമാക്കി, തോന്നുന്നപക്ഷം വേണ്ട നടപടികൾ നടത്തുന്നതിന് അധികാരം ഉണ്ട്. അങ്ങിനെയുള്ള പ്രത്യേക ക്ഷേത്രങ്ങളുടെ മാനേജ്മെൻറ്, ഭരണം മുതലായതു ഏറ്റെടുക്കുന്നതിനുള്ള അവകാശം ഈ ബില്ലിലെ വ്യവസ്ഥയനുസരിച്ച് ദേവസ്വം ബോർഡംഗങ്ങളിൽ പരിപൂർണ്ണമായി നിക്ഷിപ്തമായിരിക്കുന്നതാണ്. അതിനെ സംബന്ധിച്ച നിയന്ത്രണം ആവശ്യമാണൊ എന്നുള്ള സംഗതി ചിന്താവിഷയമാകേണ്ടതാണ്. സ്വകാര്യ ഉടമകളാൽ നടത്തപ്പെടുന്ന ക്ഷേത്രങ്ങളെ സംബന്ധിച്ച് ദേവസ്വം ബോർഡിൻെറ തീരുമാനങ്ങൾ അവസാന തീരുമാനമായിരിക്കണമൊ എന്നും നേരേമറിച്ച് ദേവസ്വം ബോർഡിൽനിന്നുണ്ടാകുന്നതായ തീർപ്പുകളെ പരിശോധിക്കുന്നതിനും വേണ്ട പരിഹാരങ്ങൾ ഉണ്ടാക്കുന്നതിനും വേറെ ഏതെങ്കിലും സ്ഥാപനങ്ങൾക്കൊ, നീതിന്യായകോടതികൾക്കൊ, ആ അധികാരവും അവകാശവും പ്രദാനം ചെയ്യേണമോ എന്നും ആലോചിക്കേണ്ടതാണ്.

പാർട്ട് II-ൽ പറയുന്നത് ഇന്ന നിലവിൽ ഇരിക്കുന്നതായ ദേവസ്വം ബോർഡ് ഈ ബിൽ നിയമമാകുന്നതോടുകൂടി അതിലെ അംഗങ്ങൾ ദേവസ്വം ബോർഡംഗങ്ങൾ അല്ലാതായിത്തീരും എന്നാണ്. അതായതു് ഇന്ന നിലവിലിരിക്കുന്ന ദേവസ്വം ബോർഡ് ഈ ബിൽ നിയമമാകുന്നതോടുകൂടി, ഉണ്ടാകുന്നതായ പുതിയ തിരഞ്ഞെടുപ്പ് നടപ്പിൽ വരുന്നതോടുകൂടി ദേവസ്വം ബോർഡംഗങ്ങൾ അല്ലാതായിത്തീരും എന്ന് ഞങ്ങൾ മനസ്സിലാക്കൊണ്ടാണ് പാർട്ട് II-ൽ ക്ലാസ്സ് IIII (II) ഉണ്ടാക്കിയിട്ടുള്ളതു്. ഇന്ന് ഒരു ദേവസ്വം ബോർഡ് പ്രവർത്തിച്ചുവരുന്നുണ്ട്. ഈ ക്ലാസിൻെറ വ്യാഖ്യാനവും വ്യാപ്തിയും അനുസരിച്ച് ഈ ദേവസ്വം ബോർഡ് ഈ ബിൽ നിയമമാകുന്നതോടുകൂടി നിലവിൽ ഉണ്ടായിരിക്കുന്നതല്ല. ഈ ബിൽ നിയമമാകുന്നതോടുകൂടി ഒരു പുതിയ തിരഞ്ഞെടുപ്പ് നടത്തേണ്ടതു ആവശ്യമാണെന്നാണ് ആ വകുപ്പിൽ പ്രത്യേകം പറയുന്നതു്. ഒരു പുതിയ തിരഞ്ഞെടുപ്പ് എന്ന പറഞ്ഞാൽ ഇവിടത്തെ ഹിന്ദുമെമ്പറന്മാരെ സംബന്ധിച്ചിടത്തോളം, ഒരു പുതിയ തിരഞ്ഞെടുപ്പും ക്യാബിനറ്റിൽ ഉള്ള ഹിന്ദുമെമ്പറന്മാരെ സംബന്ധിച്ചിടത്തോളം ഒരു പുതിയ നോമിനേഷനും രാജപ്രമുഖനെ സംബന്ധിച്ചിടത്തോളം ഒരു പുതിയ നോമിനേഷനും നടത്തി അങ്ങനെ മൂന്നംഗങ്ങൾ വീതം തെരഞ്ഞെടുക്കപ്പെടണമെന്നും ആ അംഗങ്ങൾ അടങ്ങിയ ദേവസ്വം ബോർഡ് പ്രവർത്തനമാരംഭിക്കണമെന്നുമാണ് ഈ പുതിയ വ്യവസ്ഥകൊണ്ടു് മനസ്സിലാക്കേണ്ടിയിരിക്കുന്നതു്. ഇങ്ങിനെ ഒരു വ്യവസ്ഥ എന്തിനാണ് നടപ്പിൽ വരുത്തുവാൻ പോകുന്നതു എന്നുള്ളതിനെപ്പറ്റി പറയേണ്ടതു ആവശ്യമാണെന്ന് എനിക്ക തോന്നുന്നുണ്ട്. അതിനെ സംബന്ധിച്ച പറയുമ്പോൾ അതിനു് രണ്ടവശങ്ങൾ ഉണ്ടെന്ന പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. അതിൽ നിയമപരമായ ഒരു വശമുണ്ട്. ഇന്ന് നിലവിലിരിക്കുന്ന ആർഡിനൻസിലെ വ്യവസ്ഥയനുസരിച്ചും അതിനുമുമ്പുണ്ടായിരുന്ന ആർഡിനൻസിലെ വ്യവസ്ഥയനുസരിച്ചും ദേവസ്വം ബോർഡംഗങ്ങൾ ഒരു സമയത്തു് തിരഞ്ഞെടുക്കപ്പെട്ടു കഴിഞ്ഞാൽ അവരുടെ കാലാവധി നാലുകൊല്ലമാണെന്ന് എനിക്കറിയാം. അങ്ങിനെ ഒരു വ്യവസ്ഥ നിലവിലുള്ളപ്പോൾ അതിനു് ഭിന്നമായിട്ടുള്ള ഈ വ്യവസ്ഥയുടെ ആവശ്യം എന്താണെന്ന ചോദിക്കുക സ്വാഭാവികമാണ്. അതിനു് നിയമപരമായ ഒരു വശമുണ്ടെന്നു് ഞാൻ പറഞ്ഞു. ആർഡിനൻസിൻെറ നിയമപരമായ വ്യാപ്തി, കാലാവധി 11 മാസത്തോടുകൂടി അവസാനിക്കുമെന്ന ബഹുമാനപ്പെട്ട അംഗങ്ങൾക്ക് അറിയാം. നിയമപ്രാബല്യം ആറു മാസത്തേക്കുമാത്രം ഉള്ളതായ ഒരു ആർഡിനൻസിൽ അതിൽ കവിഞ്ഞു് ഏതെ

LIBRARY ARCHIVES Kerala Legislative Assembly

ങ്കിലും വ്യവസ്ഥകൾ കാലാവധിയെ സംബന്ധിച്ചായാലും മറേറതായാലുംകൊള്ളാം അതിൽ കവിഞ്ഞുള്ള കാലാവധി കുറിക്കുന്നതായ ഏതെങ്കിലും വ്യവസ്ഥയുണ്ടെങ്കിൽ ആ വ്യവസ്ഥയ്ക്ക് നിയമസാധുതയുണ്ടോ, നിയമപ്രാബല്യമുണ്ടോ എന്നതു് സംശയാസ്പദമായ ഒരു സംഗതിയാണ്. ഏതായാലും അതിനെപ്പററി അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായിട്ടുണ്ടു് എന്നുള്ളതു് ബഹുമാനപ്പെട്ട അംഗങ്ങളെ അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ആർഡിനൻസിന്റെ കാലാവധി ആറുമാസത്തോടുകൂടി അവസാനിക്കും എന്നു തീർച്ചയാക്കിയിരിക്കുന്ന സ്ഥിതിക്കു് ഏതെല്ലാം വ്യവസ്ഥകൾ ആ കാലാവധിയെ അതിക്രമിച്ചുകൊണ്ടു് ആ ആർഡിനൻസിൽ ഉണ്ടോ ആവ്യവസ്ഥകൾ സ്വയമേവ അസാധുവായിത്തീരുന്നതാണു് എന്നു നിയമജ്ഞന്മാർ അഭിപ്രായപ്പെടുക ഉണ്ടായിട്ടുണ്ടെന്നുള്ളതു് ബഹുമാനപ്പെട്ട അംഗങ്ങളോടു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

Sri. K. P. Nilakanta Pillai: May I know how the existing difference of opinion on these matters came to the knowledge of the member in charge of the Bill?

ശ്രീ. ടി. കെ. നാരായണപിള്ള : അതിന്റെ നിയമപരമായ വശത്തെ സംബന്ധിച്ചു് ആലോചിക്കുന്നതിനു് നിർബന്ധിതരായിട്ടുള്ള ഗവണ്മെണ്ടു് ആ വശത്തെപ്പററി ആലോചിച്ചു അവസരത്തിൽ ഇങ്ങിനെ അഭിപ്രായവ്യത്യാസം ഉണ്ടായതായി ഗവണ്മെണ്ടിനു് ബോദ്ധ്യപ്പെട്ടതിനെ അടിസ്ഥാനമാക്കിയാണു് ഈ അഭിപ്രായം പറഞ്ഞതു്.

Sri. K. P. Nilakanta Pillai: May I know, Sir, whether this difference of opinion came to the knowledge of the Hon'ble Minister through discussions that took place in the Legislative Department of the State or outside wit the Central Government?

ശ്രീ. ടി. കെ. നാരായണപിള്ള : രണ്ടു ദിക്കിലും അതിനെ സംബന്ധിച്ചു് വാദപ്രതിവാദം ഉണ്ടായിട്ടുണ്ടു്.

Sri. K. P. Neelakanta Pillai: May I know whether when the Ordinance was promulgated the possibility of a difference of opinion on the matter was before the Government?

Sri. T. K. Narayana Pillai: That was not then necessary to be considered. It was only when a permanent statute was drafted, the various aspects of the question were considered.

Sri. K. P. Neelakanta Pillai: May I know whether the promulgation of the Ordinance was considered unimportant when compared with the Bill?

ശ്രീ. ടി. കെ. നാരായണപിള്ള : എന്നു് ഞാൻ ഒരിക്കലും പറഞ്ഞിട്ടില്ല.

ആർഡിനൻസു് ഉണ്ടാക്കിയ സമയത്തു് അതിന്റെ എല്ലാ വശങ്ങളെ സംബന്ധിച്ചും ആലോചിച്ചിട്ടുണ്ടു്. പരിപൂർണ്ണമായി ആലോചിച്ചതിനുശേഷം തന്നെയാണു് ആർഡിനൻസു് ഫാജരാക്കിയിട്ടുള്ളതു്. എന്നാൽ ഞാനിപ്പോൾ ബഹുമാനപ്പെട്ട അംഗങ്ങളുടെ മുമ്പാകെ പറഞ്ഞിട്ടുള്ളതു് കാലാവധിയെക്കുറിക്കുന്ന ആർഡിനൻസിലെ വ്യവസ്ഥകൾക്കു് ശരിയായ നിയമപ്രാബല്യം ഉണ്ടോ എന്നുള്ളതിനെ സംബന്ധിച്ചു് നിയമജ്ഞന്മാരുടെ ഇടയിൽതന്നെ അഭിപ്രായവ്യത്യാസം ഉണ്ടെന്നാണു്.

ശ്രീ. ഇട്ടീര അമ്മുക്കൻ : ആർഡിനൻസിൽനിന്നും ചില വ്യത്യാസങ്ങൾ ഈ പുതിയ ബില്ലിൽ ഉണ്ടെന്നു പറഞ്ഞു. അതെല്ലാം കേന്ദ്രഗവണ്മെണ്ടിൽനിന്നും ഉപദേശിച്ചതനുസരിച്ചാണൊ വരുത്തിട്ടുള്ളതു്?

ശ്രീ. ടി. കെ. നാരായണപിള്ള : എതായാലും ഇതിനെ സംബന്ധിച്ചു് പ്രധാനമായ അഭിപ്രായവ്യത്യാസം ഉണ്ടാകാനിടയുള്ളതുകൊണ്ടു് ഈ വ്യവസ്ഥ സംശയാസ്പദമായ നിലയിൽ കൊണ്ടുവരേണ്ടതു ഭാവിപ്രവർത്തനത്തിനു് അത്യാവശ്യമാണെന്നു ഗവണ്മെണ്ടിനു് ബോദ്ധ്യമായതുകൊണ്ടാണു് ഈ വ്യവസ്ഥ ഇതിൽ ചേർക്കുവാൻ ഗവണ്മെണ്ടു് ഉദ്ദേശിച്ചതു്. ഇതിനു് വേറെ ഒരു വശവുംകൂടി ഉണ്ടു്. മുമ്പു് നിലവിലിരുന്നതായ ദേവസ്വം ബോർഡിന്റെ അധികാരങ്ങളും അവകാശങ്ങളും വിപുലീകരിച്ചുകൊണ്ടും പുതിയ വ്യവസ്ഥകൾ ചേർത്തുകൊണ്ടും ഒരു പുതിയ നിയമം നടപ്പിൽവരുന്നതായ ഈ അവസരത്തിൽ ഇന്നു് നിലവിലിരിക്കുന്ന ദേവസ്വം ബോർഡിലെ അംഗങ്ങൾ ആവശ്യമാണൊ എന്നു് ആ അംഗങ്ങളെ തിരഞ്ഞെടുക്കേണ്ടവർക്കു് തോന്നുന്നപക്ഷം ഒരു പുതിയ ദേവസ്വം ബോർഡിനെ സംഘടിപ്പിക്കേണ്ടതു് ആവശ്യമാണെന്നു ഗവണ്മെണ്ടിനു തോന്നിയതുകൊണ്ടാണു് ആ വ്യവസ്ഥ ഈ ബില്ലിൽ ചേർക്കുവാൻ ഇടയായിട്ടുള്ളതു്. ഞാൻ ആദ്യംതന്നെ പറയുകയുണ്ടായല്ലൊ

LIBRARY ARCHIVES Kerala Legislative Assembly

[Sri T. K. Narayana Pillai]

യി കൂടുതൽ അധികാരവും അവകാശവും ദേവസ്വം ബോർഡംഗങ്ങൾക്ക് ഈ ബില്ലിലെ വ്യവസ്ഥകൾമൂലം പ്രദാനം ചെയ്തിട്ടുണ്ടെന്ന്. അവക്ക് കൊടുത്തിട്ടുള്ള സംഖ്യ ഹിന്ദുസമുദായത്തിന്റെ പുനരുദ്ധാരണത്തിനുവേണ്ടി ചെലവാക്കുന്നതിനുള്ള അവകാശവും അധികാരവും അവക്ക് കൊടുത്തിട്ടുണ്ട്. അതുമാത്രമല്ല ഹൈക്കോടതിയിൽനിന്ന് ദേവസ്വത്തിലെ കണക്ക് ആഡിറ്റുചെയ്യുന്നതിനും അതിനു പ്രത്യേകം ഒരാളെ നിയോഗിക്കുന്നതിനും പരിശോധനയിൽ എന്തെങ്കിലും പിശകുകണ്ടാൽ ഹൈക്കോട്ടിൽനിന്ന് ദേവസ്വം ബോർഡംഗങ്ങളുടെ പേരിൽ ശരിയായ നടപടി നടത്തുന്നതിനും അവർ ഏതെങ്കിലും പണം അപഹരിച്ചിട്ടുണ്ടെങ്കിൽ പേഴ്സനൽ ഡിക്രി എന്ന നിലയിൽ ദേവസ്വം ബോർഡംഗങ്ങളിൽനിന്ന് പണം ഈടാക്കുന്നതിനും ഹൈക്കോട്ടിനു അധികാരം കൊടുത്തിരിക്കുന്ന സ്ഥിതിക്കു ആ വ്യവസ്ഥ അനുസരിച്ച് കാര്യങ്ങൾ നടത്തുന്നതിനുള്ള അധികാരം ദേവസ്വം ബോർഡിനു ഉണ്ടാകേണ്ടതു ന്യായത്തിനും നീതിക്കും അനുയോജ്യമായിരിക്കും എന്നു കരുതിയാണ് ആ വ്യവസ്ഥ ഇതിൽ ചേർക്കുന്നതിനു ഇടയായിട്ടുള്ളതു. അങ്ങിനെ മെമ്പർമാരുടെയായ പല വ്യത്യാസങ്ങൾ വരുത്തിയിട്ടുണ്ട്. ഇങ്ങിനെ വരുത്തിയിട്ടുള്ള വ്യത്യാസങ്ങൾ എതു കാരണത്താലാണ് വരുത്തിയിട്ടുള്ളതു എന്നു പറയുവാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗങ്ങളുടെ ശ്രദ്ധ പ്രത്യേകം ചെലുത്തേണ്ടതായ ഒന്നുരണ്ടു സംഗതികളെപ്പറ്റി ഞാൻ പ്രത്യേകം പറയുകയുണ്ടായി. ഈ ആർഡിനൻസിന്റെ കാലാവധി ഏകദേശം ഏപ്രിൽ 20-ാം തീയതിക്കുമുമ്പായി അവസാനിക്കുന്നതാണ്. അതുകൊണ്ട് അതിനുമുമ്പായി ഇതു നിയമമാക്കേണ്ടതു് ആവശ്യമാണ്. അങ്ങിനെ ഈ ബിൽ നിയമം ആക്കുന്നതിനു ബഹുമാനപ്പെട്ട എല്ലാ അംഗങ്ങളുടേയും സഹകരണം ഞാൻ ആവശ്യപ്പെട്ടുകൊള്ളുന്നു. സെലക്ട് കമ്മിറ്റി കഴിയുന്നത്ര വേഗത്തിൽ മൂന്നോ നാലോ ദിവസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്നാണ് എനിക്കു പറയുവാനുള്ളതു്. സെലക്ട് കമ്മിറ്റി അംഗങ്ങളുടെ പേരുവിവരം വാദപ്രതിവാദത്തിനുശേഷം ഞാൻ സമർപ്പിച്ചുകൊള്ളാം. ഈ ബില്ലിന്റെ തത്വങ്ങൾ സ്വീകരിച്ച് സെലക്ട് കമ്മിറ്റിക്കു് അയക്കണം എന്ന എന്റെ മോഷനെ അനുകൂലിക്കണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

Sri. K. P. Nilakanta Pillai: May I know whether the Board was consulted with reference to this legislation?

ശ്രീ. ടി. കെ. നാരായണപിള്ള: ബോർഡ് അംഗങ്ങളുമായിട്ട് ആലോചന നടത്തിയിട്ടുണ്ട്.

Sri. K. P. Nilakanta Pillai: Is it with the approval of the presant Board that this measure is being brought?

ശ്രീ. ടി. കെ. നാരായണപിള്ള: ബോർഡ് അംഗങ്ങളുമായിട്ട് ചർച്ച ചെയ്തിട്ടുണ്ടെന്നു ഞാൻ പറഞ്ഞുകഴിഞ്ഞു. എന്നാൽ ബില്ലിനെ എല്ലാ വ്യവസ്ഥകൾക്കും അവരുടെ അനുമതിയുണ്ടെന്നു പറഞ്ഞാൽ അതുമുഴുവനും ശരിയല്ല.

Sri. K. Sivarama Pillai: After the publication of this Bill, is there any direction from the Centre to change any of the clauses in this Bill?

ശ്രീ. ടി. കെ. നാരായണപിള്ള: ഞാൻ മുമ്പുപറഞ്ഞതുപോലെ ഇതു് കൺകറണ്ട് ലിസ്റ്റിൽ ഉൾപ്പെട്ട ഒരുകാര്യമാണ്. ഈ സംഗതിയെപ്പറ്റിയും ഇൻഡ്യാഗവൺമെന്റുമായി വേണ്ടതു ചർച്ചകൾ നടത്തിയിട്ടുണ്ട്.

Sri. D. Gnanasigamoni: May I know whether any attempt was made by this Government to elicit Hindu public opinion?

ശ്രീ. ടി. കെ. നാരായണപിള്ള: ഹിന്ദുക്കളിൽ എല്ലാവിഭാഗത്തിൽപ്പെട്ടവരുടേയും അഭിപ്രായം അറിയാൻ ഇടയായിട്ടില്ല. എങ്കിലും ഹിന്ദുക്കളിൽ പ്രമാണികളെന്ന് അറിയപ്പെട്ടവരുമായി അനൗപചാരികമായ ചർച്ചകൾ നടത്തിയിട്ടുണ്ട്.

Sri. K. Sivarama Pillai: If there is a direction from the Centre, has the Hon'ble Chief Minister any objection to say in which direction are the amendments to be made or what exactly is the direction?

ശ്രീ. ടി. കെ. നാരായണപിള്ള: എനിക്ക് ദേവസ്വം ബില്ലിനെപ്പറ്റി ഈ സഭയിൽ യാതൊരു സംഗതിയും ഗോപനം ചെയ്യണമെന്നു് വിചാരമില്ല. ഇൻഡ്യാഗവ

LIBRARY ARCHIVES Kerala Legislative Assembly

മെൻറം നമ്മുടെ ഗവൺമെൻറം തമ്മിൽ അഭിപ്രായവ്യത്യാസമുള്ളതും അതേസമയം മെയ്ലി കമായ അവകാശസ്വാതന്ത്ര്യം നമുക്ക് ഉള്ളതുമായ ഒരു കാര്യമാണ് ഇതു്. ഇൻഡ്യാഗവ ൺമെൻറിൻെറ അഭിപ്രായം ദേവസ്വംബോർഡിലെ അംഗങ്ങൾ രാഷ്ട്രീയകാര്യങ്ങളിൽ ഇട പെടാൻ പാടില്ലായെന്നാണ്. കാര്യക്ഷമമായ പ്രവർത്തനം നടത്തണമെന്നുള്ള ഉദ്ദേശത്തോ ടുകൂടിയാണ് ദേവസ്വങ്ങളെ സംബന്ധിച്ചു് ഒരു ബോർഡ് രൂപീകരിച്ചിരിക്കുന്നതു്. എതു ഉദ്ദേശങ്ങളോടുകൂടി ബോർഡ് രൂപീകരിച്ചിരിക്കുന്നുവോ ആ ഉദ്ദേശം സാധിക്കുന്നതിനു വേണ്ടി ഈ വ്യവസ്ഥകൾ അഭിലഷണീയമായിരിക്കുമെന്നു് കണ്ടതുകൊണ്ടാണ് ഇതു ഒരു വകുപ്പുകൂടി ബില്ലിൽചേർക്കാൻ ഇടയായിട്ടുള്ളതു്.

Mr. Speaker: We need not go further into the matter by means of questions and answers. The discussion on the Bill may now proceed.

Sri. P. Balakrishnan Tampi: I rise to a point of order. Under article 26 of the Indian Constitution, I am afraid this State has no jurisdiction to consider any matter which concerns any particular religious denomination or any section thereof. Article 26 of the Constitution says: "Subject to public order, morality or health, every religious denomination or any section thereof shall have the right (*a*) to establish and maintain institutions for religious and charitable purposes (*b*) to manage its own affairs in matters of religion; (*c*) to own and acquire moveable and immoveable property; and (*d*) to administer such property in accordance with law". Therefore, it will be an intrusion on the rights of a particular religious denomination if this State Legislature passes any law. Any law that would be passed would be ultra vires of this Legislature. The point of order that I raise, therefore, is in regard to the jurisdiction of this State Legislature or any other State Legislature or even the Central Legislature to pass a law, which would go counter to the fundamental rights in respect of religious matters.

Mr. Speaker: The promulgation of a law as contemplated by the Hindu Religious Institutions Bill does not in any manner go counter to the provisions of Article 26 of the Indian Constitution Act. It may be noted in this connection that Article 26, in giving the right to every religious denomination to administer its property, also provides that such administration has to be in accordance with law. This Legislature has jurisdiction in the matter.

Sri. P. Balakrishnan Tampi: May I submit.....

Mr. Speaker: The matter is closed and there need be no further discussion on it.

Sri. K. P. Nilakanta Pillai: This is another sample of legislation which we are asked to deal with during this memorable session. As I had occasion to observe, this is a legislation on controversial constitutional matters which are going to be proved when the provisions of the Bill are discussed at length. Apart from the speech delivered by the Hon'ble Chief Minister, the House must be aware of the circumstances which rather whipped the Chief Minister into introducing a measure of this kind. That is the reason why I said, over and above the necessity for such a Bill, the urgency was more political, rather than the desire on the part of the Chief Minister to promulgate or to enact a measure so that the Devaswoms may be taken care of hereafter. The Chief Minister started his speech by saying that there are certain provisions in the Covenant which gave birth to the present Board, and those provisions, this House is not competent to touch or change or do away with. At the same time, the Minister placed before this House the fact that the Government advised the Rajpramukh to issue an ordinance for the time being, overriding some of the provisions of the Covenant. This action is undertaken, overriding the provisions of the Covenant as well as the ordinance. That is exactly the question with which we are confronted in every legislation which has been presented before this House. Whether the Government or the promoters of this Bill or the learned member in charge of the Bill have anything clear in their minds and whether we can see what exactly is the object of the learned member who introduced this Bill, is the question, Sir.

I may just invite the attention of the House to sub-clause (*h*) of article VIII of the Covenant which says: "Subject to the provisions of this article, the constitution, powers and duties of the Boards aforesaid shall be such as may be determined hereafter by law enacted by competent authority". Neither the Covenant nor the ordinance, I am very sorry to say nor the provisions of this Bill say finally who this competent authority contemplated in this clause, is. That is left in doubt, or rather, that question is very cleverly evaded. Even without enabling us to understand who the competent authority contemplated under the sub-clause is, the promoters of this Bill have asked us to pass the Bill. Again, Sir, I want to stress the words, "competent authority". Further, what does the preamble to this Bill say? It says: "Whereas by the

LIBRARY ARCHIVES Kerala Legislative Assembly

[Sri K. P. Neelakanta Pillai]

terms of the Covenant entered into by the Rulers of Travancore and Cochin it is necessary to make provision for the administration, supervision and control of incorporated and unincorporated Devaswoms and of other Hindu Religious Endowments and Funds"; In the Covenant, the competent authority is asked to deal with these matters—constitution, powers and duties of the Boards. What is proposed to be done is, this House is asked to deal with the administration, supervision and control of the incorporated Devaswoms, etc. The question arises whether it is consistant with the provisions that the Covenant should not be touched by this House that this Bill is going to provide measures for better administration, supervision and control of Devaswoms and whether this is what is asked by Government to be done by the competent authority. This is the first question which I moot for the discussion of this House. Before I put the second question I want to tell the House that I am born a Hindu, remain a Hindu and propose to end a Hindu. Therefore unnecessary questions may be avoided because this is a controversial matter as there is much scope for controversy while we discuss the provisions of this Bill. Therefore I say I am a Hindu. But I am a citizen not only of this State but of India and the world For discussing the provisions of this Bill I am a Hindu. What does the Government say? Sir, Government stated that the whole board has to be created in a particular way. Whether it be a Cochin Board, or Travancore Board or whether one of the Members of the Board is to be chosen by the Rajpramukh who is of course a Hindu as I know it, or whether another member of the Board is to be elected by the Hindu Members of the Travancore-Cochin Legislature and a third member of the Board is to be nominated by the Hindu Ministers of the Cabinet of Cochin Travancore Legislature. I am asking the question whether these matters are without some meaning? Therefore what is stressed by Government is that this is a matter purely for Hindus. Hence my point is whether the power or authority to control Devaswoms and to administer them, the Board ought to be made responsible to the Hindus one way or the other. Therefore the creation of the Board or the right to create that Board must be vested in recognised Hindus. The Government had promulgated an ordinance as we know in a hurry just like the Integration of the States and we know fully well what all muddle took place then. That is one of the results of things done in a hurry. There was no time to think and define the authority which would ultimately control the administration of Devaswoms. Therefore we have to take it that it was stated that Hindus alone might create this Board. That is why the Rajpramukh, Hindu Members of the Legislature and Hindu Ministers of the Cabinet are made competent to elect and nominate the members of the present Board. Now this House has been asked to undertake this legislation. I am not sorry this measure has been before the House. I surely hope that we may very much be benefited by the discussions that may take place in this House especially when members of other communities also partake. Apart from that I question the competency of this House to undertake this legislation.

Sri. Abdul Razaak: Now that non-Hindu members of the legislature have to express their views on this matter does not the honourable member think that this is a burden imposed on them?

Sri. K. P. Nilakanta Pillai: Yes. That is how a feeling has already been entertained by a certain section of the non-Hindus in that line. They feel that it is irksome, a nuisance or burden imposed on them by asking them to express their views on this matter. They do feel that it is a burden to take part in the discussion of a matter in which they do not find any interest. Anyhow that is an aspect which advances my argument. Therefore I am questioning the competency of this legislature to enact this measure. Again I ask, what is exactly the purpose for which this legislation is undertaken? Is it to control the Board? Is it to provide for better administration of Devaswoms? Is it to control Sri Padmanabhaswami temple and its administration. All these questions are dealt with in this bill in a nebulous way. I wish to draw the attention of the House to certain aspects. We do not know whether we are to find out measures for defining the powers and duties of the Devaswom Board or as is set in the Preamble whether we are to find out provisions for the better administration, supervision and control of the Devaswoms. Now we will see what Clause 9 says. The Chief Minister has been telling us that the High Court, the highest authority in the State is vested with ultimate powers to audit the accounts of this Board and to sit in judgment whether the erring member who has misbehaved should be removed or not and the rest of it and he asked whether it is not a very just and equitable arrangement that is contemplated under the provisions of this Bill. I put one fundamental question. If I am responsible for the creation of a body or if A is responsible for the creation

LIBRARY ARCHIVES Kerala Legislative Assembly

of a body how can B be made or given the power to destroy that body. Now the Rajpramukh, the Hindu Members of the legislature Hindu members of the Cabinet, are given power to create the Devaswom Board and they have created one such. Now Government say that any man interested, some man who is interested, may petition the High Court saying that a member of the Board has misbehaved and that they should take cognisance of that application and ultimately decide the question. Again I ask, on what principle this is based. The High Court could be left out. Of course it may be the ultimate authority under the common law to take action in such matters. It is open to any Hindu to seek the aid of the court and get things remedied and see that the members of the Board could be removed.

കെ. ആർ. ഇല്ലങ്കത്തു്. പൂവ്വികന്മാരുണ്ടാക്കിയ സ്വത്തിനെക്കുറിച്ചുള്ള തർക്കങ്ങൾക്ക കോടതിയെ ശരണം പ്രാപിക്കുന്നതു പതിവുള്ളതല്ലെ ?

Sri. K. P. Nilakanta Pillai: I am glad my friend has understood my point of view. (Laughter) what I have been telling is if his great grand father has made properties which are the properties of my learned member's tharwad today I ask will him or members of his tharwad surrender their authority so that K. P. Nilakanta Pillai may go and interfere and decide the question at issue between them. Therefore the questipn asked just now is pertinent. It will advance information that is already available for the members of this House to understand the discussions relating to the provisions of this Bill. Here is a Board created by the Hindu members and it has been given certain powers under the Covenant. Is it for controlling that Board this measure is being enacted or is it for assuring better administration of Devaswoms of the land. If it is the latter, one can see that great care has to be taken in the matter. If it is to control then I ask, whether the Board has been consulted with reference to the legislative measure now before us. It was stated that the Government consulted the Board and some prominent Hindu members what I am stressing is we have to know who the competent authority under sub-clause (h) of Art. 8 is. It seems to suggest that this Government or the country failed to create a competent body. That is what I want to drive home to the members of the House. What is meant by competent authority has to be made clear. Misappropriations taking place can be avoided if anybody who has any interest in Devaswoms petitions to the High Court for remedying the state of affairs. A Board which may be misappropriating or mismanaging the funds in their possession just to prolong their existence until the period of four years has elapsed, they may take interest and pick up a man to file a suit against a member of the Devaswom Board. Such a state of affairs can be brought about. Therefore my point is when responsible persons including the Rajpramukh and the Hindu elected members of the Legislature and the Hindu Ministers of the Cabinet are concerned in the elections of the suitable men of the Board, when they are given powers to create the Board and such a Board has come into being, how to resile from that position. The Government want to delegate a kind of power or give up that responsibility in favour of any interested Hindu who professes Hindu religion. Is that attitude right? I am asking that in all seriousness. I say that an interested Hindu should not be given that right.

The House adjourned for lunch at 1 p.m. and re-assembled at 2 p.m. with Mr. Speaker in the Chair.

Sri. K. P. Nilakanta Pllai: I was telling this House that the competent authority con templated has not been created and that this House is not the competent authority contemplated under the Covenant. Therefore, the competent authority has to be created hereafter by the Hindus of the State by resorting to some method as I have suggested—a convention—which is to function as the competent authority contemplated under Article 8. If that is not immediately possible, as provision has been already made in the Covenant that the Hindu Members of this House may elect at least one of the members who is to serve on the Board, why not the Hindu Members who is to serve on the Board, be made the competent authority for the time being? Therefore, my point is, this House is incompetent, it is not the competent authority. This legislation is ultra vires of the powers of this House. Then, the Chief Minister has been telling us that after this Bill has been published and placed in our hands, he had some talks with the Government of India and that they said that it is not at all advisable to have on the Board members who are associated with some political party or other

LIBRARY ARCHIVES Kerala Legislative Assembly

[Sri. K. P. Neelakanda Pillai]

in the State. Non-politicals alone should be on the Board. Persons who take active part in politics should not be Members of the Board. That is a very commendable thing. Along with that we have to consider many other things. Why was that suggestion made by the State Department and why did this Government accepted that suggestion? That needs looking into. Members belonging to political parties should not be made Members of the Board; because, the Members of the Board may utilise their position and power and resources to advance the political parties to which they belong. Therefore, there may be controversy in the country and probably to avoid that controversy this suggestion has been made. Everyone in the country knows, Sir, how in the past they erred. Two of the members elected and nominated respectively by the Hindu Members of this House and the Hindu Membees of the Ministry did not prove good boys. They were carrying on a campaign probably against the solidarity of this Legislature, as it is found by the Party in power. Probably this necessitated the suggestion being sought out or drawn out from the State Department, that members of political parties should not be members of the Board.

Now, Sir, as has been stated, the constitution and powers and the duties of the Members of the Board are not liable to be touched by this legislation. That is, the formation of the Board under this piece of legislation is governed by the provision in the Covenant for forming the Board—one Member to be nominated by the Raj Pramukh, one to be nominated by the Hindu Members of the Council of Ministers and one to be elected by the Hindu Members of the Legislature. Those provisions are kept in tact. If that be so, is there any meaning in the suggestion advanced by the State Department and accepted by this Government? If the Members who are associated with the political parties should not be allowed to function as members of the Board, how can the very same State Department tell that the Ministers are competent—of course the Ministers belong to political parties, especially to the party that dominates in the country at a particular time—to elect a Member? How the Ministers are made competent to nominate a Member, I cannot understand. How has the Party in power been enabled to elect a Member? Is it not politics? Therefore, I cannot see eye to eye with that argument. If members belonging to political parties should not be made Members of the Board, then, how can the Ministers, who dominate a political party be given power to nominate a member to the Board? How can the other Members of the Legislature, who or the majority of whom belong to the Party in power, be allowed to elect a Member? Will not that Party in power and the Ministers have control over the Board indirectly? There is absolutely no principle in the suggestion made by the State Department and accepted by this Ministry. Owing to the difficulties that were created 'constitutionally' *i.e.*, by controversial Constitutional legislation, some difficulty has been created in this House by electing and nominating two members who, according to the Ministers and the Party in power, would behave like good boys—when that turned against them—they want to make this legislation. Is it consistent with the right to elect and nominate two members to the Board ? Is it not politics ? Then, they again control the Board. The Board is controlled by the Hindu Ministers and the Party in power. Therefore, if non-politicals are desired and politicals are not desired in this Board, I suggest that these Ministers should be deprived of their power to nominate a Member to the Board and the Hindu Members of this House should be deprived of their power to elect a man. Therefore, there is absolutely no principle underlying the suggestion by the State Department, which is accepted now. The thing is this. If two persons did not act up to the expectation of the Ministers and the Party in power, some-how they must be got rid of. Yet, the Government do not want to lose their control over the Board. They want to control the Board by having their own nominees on the Board. They want to use the Board for political purposes. That is the bare truth. That is the reason why I said this bit of legislation is a controversial constitutional legislation.

Now, my humble submission is, even the Raj Pramukh and the Ministers and the Hindu Members must not be given the power to form this Board. That was the reason why I said that a competent body must be created and that body for the time being is not in existence. The Hindu Members of the Ministry have now created the Board. When arguing that point, we come to the most important section; *i.e.*, Section 131, sub-clause 3, which states that when this Act has been passed, the present Members of the Board will go out of office. That has been necessitated because there has been some legal difficulties with regard to that. The Ordinance was expected to be in force for only six months. When the Ordinance expires, even though according to the Ordinance the Board which has been created in virtue of the powers

LIBRARY ARCHIVES Kerala Legislative Assembly

Sri. A. P. Udayabhanu: I am saying that certain modifications are needed in the Bill There is the Select Committee to deal with them. അതുകൊണ്ട് ഇന്നത്തെ ഈ നിലയിൽതന്നെ ഒരു ജനറൽബാഡി ഉണ്ടാക്കി ദേവസ്വം ബോർഡിനെ നിയന്ത്രിക്കയും മാർഗ്ഗദർശിത്വം നൽകുകയും മറ്റും ചെയ്യേണ്ടതാണ്. ഈ വ്യവസ്ഥ ട്രസ്റ്റിക്കുപ്പിനു യാതൊരുവിധത്തിലും വൈരുദ്ധ്യം സംഭവിപ്പിക്കുകയില്ല. സർ, ശ്രീരംഗത്തു് ഒരു കമ്മറ്റിയുണ്ട്. ശ്രീരംഗംദേവസ്വം സംബന്ധിച്ച ട്രസ്റ്റികളെ നിയമിക്കാനും പിരിച്ചുവിടാനും ഉള്ള അധികാരം കമ്മറ്റിക്കു് ഉണ്ടു്. ഇവിടത്തെ ദേവസ്വം ട്രസ്റ്റിക്കുവേണ്ടി ഒരു ജനറൽബാഡി അവയെ നിയന്ത്രിക്കാൻ വേണമെന്നു് പറയുന്നതു് തികച്ചും ശരിയാണു്. ആ ജനറൽബാഡിക്കു് ബോർഡിലെ അംഗങ്ങളെ നിയമിക്കുന്നതിനും പിരിച്ചുവിടുന്നതിനും ഉള്ള അധികാരം ഉണ്ടായിരിക്കുന്നതിനുപുറമെ ഇന്നതുചെയ്യണം, ഇന്നതു ചെയ്യരുതു് എന്നുള്ള നിർദ്ദേശങ്ങളും കൊടുക്കുന്നതിനും അധികാരവും അവകാശവും ഉണ്ടായിരിക്കേണ്ടതാണു്. ദേവസ്വംബോർഡിനു് ഒരു ജനറൽബാഡി മുഖാന്തിരം നിയന്ത്രിച്ചില്ലെങ്കിൽ അവയുടെ ഭരണം ആശാസ്യമായ രീതിയിൽ പുരോഗമിക്കുകയില്ല. ബോർഡു തെറ്റുചെയ്യുശേഷം കേസുകൊടുത്തതുകൊണ്ടു ഫലമില്ല—അവയെ നയിക്കുകയും സൂക്ഷിക്കുയും ചെയ്യുന്നതിനു ഒരു ജനറൽബോഡിവേണം—ജനറൽബോഡി ട്രസ്റ്റിനുവിരുദ്ധമാണെന്നു! അവർ ട്രസ്റ്റികൾ നിർവ്വഹിക്കേണ്ട നിർബന്ധിതമായ കാര്യങ്ങൾ അനുവദിച്ചില്ലെങ്കിലൊ? നമ്മുടെ ബഡ്ജറ്റ് നോക്കുകയാണെങ്കിൽ ഹൈക്കോടതി ജഡ്ജിമാർക്കു് ശമ്പളത്തുക കൊള്ളിച്ചിട്ടുണ്ടു്. അതുപോലെ പബ്ലിക്കു് സർവ്വീസ് കമ്മീഷണർമാരുടെ ശമ്പളത്തുകയും കൊള്ളിച്ചിട്ടുണ്ടു്. എന്നാൽ ബഡ്ജറ്റിൽനിന്നും കാണുന്ന ഈ തുകകളിൽ ഒരു കാര്യമായും കുറയ്ക്കുന്നതിനുള്ള അധികാരം ഈ നിയമസഭയ്ക്കു് ഇല്ലാതാണിരിക്കുന്നതു്. അതുപോലെതന്നെ നമ്മുടെ ദേവസ്വത്തിന്റെ കാര്യത്തിലും ചെയ്യാവുന്നതാണു്. ദേവസ്വത്തിന്റെ ബഡ്ജറ്റിൽ ആചാരക്രമമനുസരിച്ചു നിർവ്വഹിക്കേണ്ട ചിലവുകൾ non votable ആക്കാവുന്നതാണു്. കേവലം ഭൗതികങ്ങളായ ചിലവുകളെ നിയന്ത്രിക്കാവുന്നതാണല്ലൊ. ഇതുകൂടാതെ മറ്റൊരുകാര്യം എനിക്കു് പറയാനുള്ളതു് ഈ സംസ്ഥാനത്തു് ഉള്ള ദേവസ്വങ്ങളെ തിരുവിതാംകൂർ ദേവസ്വമെന്നും കൊച്ചി ദേവസ്വമെന്നും രണ്ടു വിഭാഗമായിട്ടു് പിരിച്ചിരിക്കുന്നതു് കാര്യക്ഷമമായ ഭരണത്തിനു് സാരമായ ഹാനി സംഭവിക്കുന്നതാണെന്നാണു്. അതുകൊണ്ടു് ഈ ദേവസ്വങ്ങളെ സംബന്ധിച്ചിടത്തോളം ഒരൊറ്റ ജനറൽബോഡി മാത്രമേ പാടുള്ളുയെന്നാണു് എന്റെ അഭിപ്രായം. ഈ ദേവസ്വം ഭരണഘടനയിൽ ആധുനികമായ നമ്മുടെ യാതൊരു സങ്കല്പങ്ങളും ആചാരങ്ങളും കൊണ്ടുവരാൻ പാടില്ലാത്തതാണത്രെ! ദേവസ്വങ്ങൾക്കു് യഥാർത്ഥത്തിൽ അഭിവൃദ്ധി ഉണ്ടാകണമെങ്കിൽ രാഷ്ട്രീയമായ സ്ഥിതിഗതികളെ അടിസ്ഥാനപ്പെടുത്തി നമ്മുടെ ആധുനിക സങ്കല്പങ്ങൾക്കു് യോജിക്കുന്ന ഭരണവ്യവസ്ഥ ഉണ്ടാക്കണം. ദേവസ്വങ്ങൾ ഊരാഴ്മദേവസ്വമെന്നും കരക്കാരുടെ ദേവസ്വമെന്നും രണ്ടുവിധം ഉണ്ടായിരുന്നു. ഊരാഴ്മദേവസ്വങ്ങൾ ഊരാഴ്മക്കാരുടെ അധികാരത്തിലും നിയന്ത്രണത്തിലും നടന്നു. കരക്കാരുടെ ക്ഷേത്രങ്ങൾ കരക്കാരുടെ ഹിതമനുസരിച്ചുള്ള ഒരു പരിക്ലിപ്തമായ ജനഭരണമായിരുന്നു. കണ്ണൽമൺറോയുടെ ഭരണകാലത്തും ദേവസ്വങ്ങൾ സർക്കാരിന്റെ നിയന്ത്രണത്തിലും അധികാരത്തിലും ഏറെറടുക്കയാണുണ്ടായതു്. അപ്പോൾ ദേവസ്വങ്ങളെ സംബന്ധിച്ചിടത്തോളം രാഷ്ട്രീയമായ സാഹചര്യമാണു്. അപ്പോൾ ദേവസ്വങ്ങളെ സംബന്ധിച്ചിടത്തോളം രാഷ്ട്രീയമായ സാഹചര്യത്യാസങ്ങൾ അനുസരിച്ചു് വ്യത്യാസംവന്നു എന്നുകാണാം. കരക്കാരുടേയും ഊരാഴ്മത്യാസങ്ങൾ അനുസരിച്ചു് വ്യത്യാസംവന്നു എന്നുകാണാം. കരക്കാരുടേയും ഊരാഴ്മ

LIBRARY ARCHIVES Kerala Legislative Assembly

[Sri. A. P. Udayabhanu]

ക്കാരുടെയും ദേവസ്വങ്ങൾ അന്നു് മഹാരാജാവിന്റെ ട്രസ്റ്റീഷിപ്പിനു് വിധേയമായി. മാറിമാറി വന്നുകൊണ്ടിരിക്കുന്ന സ്ഥിതിവ്യത്യാസങ്ങളനുസരിച്ചു് ഈ ദേവസ്വങ്ങളിലെ പഴയ പല വ്യവസ്ഥിതികളും മാറിക്കൊണ്ടുതന്നെയിരുന്നു. ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിലെ എട്ടരയോഗത്തിലെ അരയോഗക്കാരനായിരുന്ന തിരുവിതാംകൂർ രാജാവു ക്ഷേത്രത്തിന്റെ സർവ്വാധികാരിയായതും സ്വതന്ത്രങ്ങളായ ക്ഷേത്രങ്ങൾ രാജാവിന്റെ അധീനതയിലും ഏകശാസനത്തിലും വന്നതു രാഷ്ട്രീയമായ സ്ഥിതിവ്യത്യാസങ്ങൾ കൊണ്ടാണു്. ഇങ്ങനെ ദൈനംദിനം മാറിക്കൊണ്ടിരിക്കുന്ന സങ്കല്പങ്ങളേയും സ്ഥിതിഗതികളേയും അനുരൂപിച്ചു് ദേവസ്വങ്ങളെ നിയന്ത്രിക്കുന്നതിനു് ഒരു തെരഞ്ഞെടുക്കപ്പെട്ട സംഘടന ഉണ്ടായിരിക്കേണ്ടതു് ഇന്നു് ഏറ്റവും അത്യാവശ്യമാണു്. സർ, ഇന്ത്യയിൽ ഫ്രഞ്ചുകാർ വരെ റവന്യൂബോർഡ് ഹിന്ദുക്കളുടെയും മുസ്ലീങ്ങളുടെയും Religious endowment കളുടെ ഭരണം നടത്തിക്കൊണ്ടിരുന്നു. അതിനുമുമ്പ് ഹിന്ദുരാജാക്കന്മാരും മുസ്ലീം രാജാക്കന്മാരും endowment കളെ നിയന്ത്രിച്ചിരുന്നു. രാജാധികാരം വന്നുചേർന്ന ബ്രിട്ടീഷുകാരും ആ പാരമ്പര്യം തുടർന്നു. ഫ്രഞ്ചുകാരുടെ പാതാനുസരിച്ചാണു് Religious endowment Board കളും സ്ഥാപിച്ചു അവക്കു ഭരണം വിട്ടുകൊടുത്തതു് — അങ്ങനെ ബ്രിട്ടീഷ് ഇന്ത്യയിലും രാഷ്ട്രീയ പരിവർത്തനം അനുസരിച്ചു endowment കളുടെ ഭരണത്തിലും പരിവർത്തനം നാം കാണുന്നു. ഇവിടെയും ജനാധിപത്യസങ്കല്പങ്ങളുമായി പൊരുത്തപ്പെടുന്ന മാറ്റം ഉണ്ടാകണം. അതുകൊണ്ടാണു് ഞാൻ പറഞ്ഞതു് ഹിന്ദുജനത തെരഞ്ഞെടുക്കുന്ന നിയന്ത്രണാധികാരമുള്ള ഒരു കമ്മറ്റിയും ബോർഡും രൂപീകരിക്കണമെന്നു്.

മറ്റൊരുകാര്യംകൂടി ഇവിടെ പറയുന്നതു് സംഗതമാണെന്നു തോന്നുന്നു. പ്രതിമാസം ൪൦൦ രൂപാ ശമ്പളംകൊടുത്താണു് ബോർഡിലെ ഓരോ അംഗങ്ങളേയും നിയമിച്ചിരിക്കുന്നതു്. ഇവർ മുഴുവൻ സമയവും ദേവസ്വംബോർഡിൽ ജോലിചെയ്യാതെ മറ്റുകാര്യങ്ങളിൽകൂടി ഇടപെട്ടുകൊണ്ടിരിക്കുന്നു. അതായതു് കുറേശ്ശ കച്ചവടവും കുറേശ്ശ കൃഷിയും എന്നുപറഞ്ഞതുപോലെയാണു് ഇവരുടെ പ്രവർത്തനം. ഇതിൽ ഇവരെ കുറ്റം പറയുകയല്ലാ ഞാൻ ചെയ്യുന്നതു്. ബോർഡിലെ അംഗങ്ങളായി തെരഞ്ഞെടുക്കപ്പെടുന്നവർക്കു ഒരു നല്ല തുക ശമ്പളമായികൊടുത്തു് അവരെക്കൊണ്ടു് മുഴുവൻസമയവും ജോലിചെയ്യിക്കുന്നതിനുള്ള ഒരു വ്യവസ്ഥ ഉണ്ടാക്കണം. അങ്ങിനെയായാൽ അവർ ആത്മാർത്ഥമായി സേവനം അനുഷ്ഠിക്കും. ആത്മാർത്ഥമായി അവരുടെ സകല കഴിവുകളും ദേവസ്വങ്ങളുടെ ഭരണപരമായും പുരോഗമനപരമായുമുള്ള കാര്യങ്ങളിൽ ചെലുത്തണം, ആ വിധത്തിലുള്ള അംഗങ്ങളായിരിക്കണം, ഈ ദേവസ്വംബോർഡിലെ അംഗങ്ങൾ. ഇന്നു നിലവിലിരിക്കുന്ന അയിത്തത്തിന്റെയും ജാതിയുടെയും പേരിലുള്ള സകല ന്യൂനതകളും ഇല്ലായ്മചെയ്യാൻ ഉള്ള സ്വാധീനശക്തിയും തന്റേടവും അവർക്കുണ്ടായിരിക്കണം. എന്നാൽമാത്രമേ നമ്മുടെ ഉദ്ദേശം സാധിക്കയുള്ളൂ. അതിനാൽ ഞാൻ മുന്നോട്ടുവച്ചിട്ടുള്ള അഭിപ്രായങ്ങൾ എല്ലാം ഈ സഭ അംഗീകരിക്കണമെന്നു് അപേക്ഷിച്ചുകൊണ്ടു് അവസാനിപ്പിക്കുന്നു.

സാഹിബ്ബഹദൂർ ടി. എ. മൈതീൻകുഞ്ഞു് : സർ, ഞാൻ ഈ ബില്ലിനെ എതിർക്കുന്നു. ഈ ബിൽ രാജ്യത്തുള്ള ഹിന്ദുമതത്തിന്റേയോ ഹിന്ദുസമുദായത്തിന്റേയോ സംരക്ഷണത്തിനുവേണ്ടിയുള്ള ഒരു ബില്ലാണെന്നു് എനിക്കു് ബോദ്ധ്യമാകുമായിരുന്നെങ്കിൽ ഞാൻ ഇതിനെ അനുകൂലിക്കുമായിരുന്നു. എന്നാൽ ഇതു് ജനവിഭാഗത്തിന്റെ രാഷ്ട്രീയവും, സാമുദായികവും, നിയമപരവും ആയിട്ടുള്ള ഒരു വൈരുദ്ധ്യത്തിന്റെയും കുഴപ്പത്തിന്റെയും രൂപമാണു് ഈ ബില്ലിൽ കാണുന്നതു്. ഈ ബില്ലിന്റെ പല ഭാഗങ്ങളും കൊണ്ടു മനസ്സിലാക്കുന്നതു് ഇതു ഹൈന്ദവസമുദായത്തെ സംരക്ഷിക്കണമെന്ന ഉദ്ദേശത്തോടുകൂടി കൊണ്ടുവന്നിട്ടുള്ള ഒരു ബില്ലാണെന്നാണു്. പക്ഷെ ആ ഉദ്ദേശം മുഴുവൻ പരാജയപ്പെടുന്നതായി നമുക്കു കാണുവാൻ സാധിക്കും. ഇവിടെ ഹൈന്ദവ സമുദായവും മതവും സംരക്ഷിക്കുവാനാണു് ഈ ബിൽ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതെങ്കിലും ഈ ബില്ലിന്റെ ഉദ്ദേശത്തെ പരാജയപ്പെടുത്തിക്കുവണ്ണം പല ദോഷങ്ങളും ഇതിൽ കാണുന്നുണ്ടു്. ദേവസ്വം ബോർഡംഗങ്ങളെ നിയമിച്ചു സംഗതിയിൽതന്നെ പല അഭിപ്രായവ്യത്യാസങ്ങളും ഉണ്ടായിട്ടുള്ളതാണു്. ഈ ബില്ലിൽ വേണ്ടിടത്തോളം പരിഷ്കാരം വരുത്തുന്നപക്ഷം ഈ ബില്ലിന്റെ ഉദ്ദേശം നിറവേറ്റുന്നതിനും ഹൈന്ദവസമുദായത്തെ സംരക്ഷിക്കുന്നതിനും സാധി

LIBRARY ARCHIVES Kerala Legislative Assembly

ക്കും. നാം ഒരുകാര്യം ചെയ്യുമ്പോൾ അതിന്റെ നാനാവശങ്ങളെപ്പറ്റിയും ചിന്തിക്കേണ്ടതാണ്. ആലോചനയുടെ വെളിച്ചത്തിൽ മാത്രം ഈവക സംഗതികളെ പറ്റി നാം ആലോചിക്കേണ്ടതായിരുന്നു. ഇൻഡ്യയിൽ പൊതുവേ ഒരു മതേതര രാഷ്ട്രമാണ് വിഭാവനം ചെയ്തിരിക്കുന്നതെന്നു നാം അംഗീകരിച്ചു കഴിഞ്ഞു. എന്നിരിക്കെ രാഷ്ട്രനിർമ്മാണജോലിയിലേർപ്പെടുവാൻവേണ്ടി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള അംഗങ്ങൾ ജാതിക്കും മതത്തിനും അതീതമായി പ്രവർത്തിച്ച് രാജ്യം ഭരിക്കുവാൻതക്കവണ്ണം അവരുടെ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതായിരിക്കെ അവർ ഒരു സമുദായത്തിന്റെയോ മതത്തിന്റെയോ കാര്യം മാത്രം അന്വേഷിക്കുന്നതിനായി ഒരു സമിതിയിലെ അംഗങ്ങളായിരിക്കുക എന്നുള്ളതു ശരിയല്ല. അവർ ഔദ്യോഗികമായി ഒരു സമുദായത്തിന്റെയോ മതത്തിന്റെയോ കാര്യം അന്വേഷിക്കണമെന്നു് ഈ നിയമസഭയിൽത്തന്നെ ഒരു വ്യവസ്ഥചെയ്യുന്നതു ശരിയല്ല.

മിസ്റ്റർ സ്പീക്കർ : ഇതു പല പ്രാവശ്യം ഇവിടെ ഉന്നയിച്ച സംഗതിയാണ്. ഇനി അതേക്കുറിച്ചു് പറയേണ്ട ആവശ്യം ഇല്ല.

സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞ്. ഞാൻ വേറൊരു കാര്യം ചൂണ്ടിക്കാണിക്കുവാൻ വേണ്ടി ഇതു പറയുകയാണ്.

മിസ്റ്റർ സ്പീക്കർ : മുമ്പിക്കൽ പറഞ്ഞതു വീണ്ടും എടുത്തുപറയേണ്ട ആവശ്യമില്ല. ആവശ്യമാകാത്തതായി എന്തെങ്കിലും പറയുവാനുണ്ടു് പറഞ്ഞാൽ മതി. പറഞ്ഞിട്ടുള്ള കാര്യങ്ങളൊന്നും ആവർത്തിക്കുവാൻ അനുവദിക്കുന്നതല്ല.

സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞ് : മുമ്പു പറഞ്ഞിട്ടുള്ള സെൻസിലല്ല ഞാൻ പറയാൻ തുടങ്ങുന്നതു്.

മിസ്റ്റർ സ്പീക്കർ : ബഹുമാനപ്പെട്ട മെമ്പറൊ വേറെ ഏതെങ്കിലും മെമ്പറോ മുമ്പിക്കൽ പറഞ്ഞതു മെമ്പർ വീണ്ടും പറയുന്നതായാൽ അതു ആവർത്തനമാകുന്നതുകൊണ്ടു അനുവദിക്കുന്നതല്ല.

സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞ് : അങ്ങിനെയാണെങ്കിൽ മറ്റുള്ളവർ പലതും ഉപയോഗിച്ചു വാക്കുകൾ മാത്രമേ ഉപയോഗിക്കുവാനുള്ളു.

മിസ്റ്റർ സ്പീക്കർ : ആവർത്തനം വാക്കിലല്ല, കാര്യത്തിലാണെന്നു ബഹുമാനപ്പെട്ട മെമ്പർ മനസ്സിലാക്കിയിരിക്കുമെന്നു വിശ്വസിക്കുന്നു. ഇതിനെ സംബന്ധിച്ചു ഒരു വാഗ്പ്രതിവാദം തുടരാൻ അനുവദിക്കുന്നതല്ല.

സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞ് : രാഷ്ട്രീയമായ അടിസ്ഥാനത്തിൽ പ്രവർത്തിക്കുവാൻ തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നവർ മതത്തിന്റെ കാര്യത്തിൽ ഔദ്യോഗികമായി പ്രവർത്തിക്കുന്നതു രാഷ്ട്രീയമായ ഒരു തെറ്റാണ്. എനിക്കു നിയമപരിജ്ഞാനം ഇല്ലെങ്കിലും ഇക്കാര്യത്തിൽ ഒരു വലിയ സംശയമുണ്ടു്. ഇന്നത്തെ കൺസ്റ്റിറ്റ്യൂഷൻ അനുസരിച്ചു് ഇന്നജാതിക്കാർ മന്ത്രിസഭയിൽ വരണമെന്നു നിയമമില്ല. ഇവിടെ പലജാതിക്കാരുണ്ടെങ്കിലും ഇന്നമാതിക്കാർ മാത്രമെ മന്ത്രിമാരാകാവു എന്നും നിയമമില്ല.

മിസ്റ്റർ സ്പീക്കർ : ആ സംഗതിയും ഇവിടെ പറഞ്ഞുകഴിഞ്ഞതാണ്. അതിനി ആവർത്തിക്കുവാൻ അനുവദിക്കുന്നതല്ല.

സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞ് : അതുകൊണ്ടു് ഹിന്ദു മന്ത്രിമാർ മാത്രമേ ആകാവു എന്ന നിർബന്ധമില്ല.

Mr. Speaker : The Member is persisting in repetition. പ്രസംഗത്തെ അനുവദിക്കാതിരിക്കേണ്ടിവരും. മന്ത്രിമാർ ഹിന്ദുക്കളായിരിക്കണമെന്നു് നിർബന്ധമില്ലെന്നു ഇന്നിടെ പറഞ്ഞു കഴിഞ്ഞതാണ്. അതിനി ആവർത്തിക്കേണ്ട ആവശ്യമില്ല.

സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞ് : ഇതിനു് നിയമസംബന്ധമായ ഒരു പ്രയാസം നേരിടാമെന്നു് ചൂണ്ടിക്കാണിക്കുവാൻ വേണ്ടി ഞാൻ വേറൊരു സംഗതി പറയുകയാണ്. ഹിന്ദുക്കളില്ലാത്ത ഒരു നിയമസഭാപാലും ഇവിടെ വരാൻ ഇടയുള്ള സ്ഥിതിക്കു് ഹിന്ദു മെമ്പറന്മാർക്കുവേണ്ടി സീറ്റ് റിസർവ്വു ചെയ്തുകയായിരിക്കുകയല്ലേ ഈ ബിൽ ചെയ്യുന്നതു് എന്നുകൂടി ഞാൻ സംശയിക്കുന്നു. ഇവിടെ ഹിന്ദുമന്ത്രിമാർ ഉണ്ടായിരിക്കണമെന്നു് ഒരു നിയമം ഉണ്ടാക്കുകയല്ലേ ഇതുമൂലം ചെയ്യുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ സ്പീക്കർ : ഹ.ത്തുക്കാം മന്ത്രിമാരായിരിക്കണമെന്നു് നിർബന്ധമില്ലെന്നും അതു തെറ്റാണെന്നും ഒരിക്കൽ ഇവിടെ പറഞ്ഞതാണു്. ഒരുപക്ഷെ മെമ്പർ അതു ശ്രദ്ധിച്ചില്ലായിരിക്കാം. അതേ ആശയം തന്നെയാണു് മെമ്പർ ആവർത്തിക്കുന്നതു്. വാക്കുകാം പോലും മിക്കവാറും ആവർത്തനമാണു്.

സാഹിബ് ബഹദൂർ റാവു. എ. മൈതീൻകുഞ്ഞു് : ആരെങ്കിലും അങ്ങിനെ പറഞ്ഞതായി ഞാൻ കേട്ടിട്ടില്ല. മറ്റുപലരും ഉപയോഗിച്ച വാക്കുകാം ഉപയോഗിക്കാതിരിക്കുവാൻ നിവർത്തിയില്ലാത്തതിനാൽ ഞാൻ പ്രസംഗം തുടരണമെന്നു ഉദ്ദേശിക്കുന്നില്ല.

Mr. Speaker: The Member will withdraw that statement and apologise to the House, ആ വാക്കുകാം പിൻവലിച്ചില്ലെങ്കിൽ മറ്റുനടപടികാം നടത്തേണ്ടതായിവരും. മറ്റുള്ളവർ ഉപയോഗിച്ച വാക്കുകാം വീണ്ടും ഉപയോഗിക്കുന്നതല്ല ആവർത്തനം എന്നു പറഞ്ഞതു എന്നു വ്യക്തമായിരിക്കേ മെമ്പർ ചെയ്ത പ്രസ്താവന തിർച്ചയായും അസ്ഥാനത്താണു്. അതു നീതീകരിക്കത്തക്കതല്ല. അതുകൊണ്ടു ആ പ്രസ്താവന നിരുപാധികം പിൻവലിക്കുകയും സഭയോടു് ക്ഷമായാചനം ചെയ്യുകയും വേണ്ടതാണു്.

സാഹിബ് ബഹദൂർ റാവു. എ. മൈതീൻകുഞ്ഞു് : I withdraw.

മിസ്റ്റർ സ്പീക്കർ : ബഹുമാനപ്പെട്ട മെമ്പറുടെ നടപടി തെറ്റാണെന്നു സമ്മതിക്കുന്ന പക്ഷം അതേസംബന്ധിച്ചു സഭയോടു ക്ഷമായാചനം ചെയ്യത്തക്കതാണു്.

സാഹിബ് ബഹദൂർ റാവു. എ. മൈതീൻകുഞ്ഞു് : I apologise.

Sri. K. Sivarama Pillai: This Bill closely follows the provisions of the Covenant. I may, at the outset, say that there are persons who even doubt the validity of the Covenant. If we trace the history of the temples in Travancore, we will find that His Highness the Maharaja of Travancore constituted himself as a trustee when he assumed the powers of management of the Hindu temples. And it is one of the fundamental principles of law that a trustee cannot alienate his trusteeship to another. The moment the trustee feels that he is not able to perform the duties and obligations of a trustee and wants to alienate it in favour of another it is questionable. But, Sir, I do not know that the Covenant has been accepted by the Constitution of India and since without changing that I cannot legally question it, for the time being I accept it Now the Constitution provides Rs. 51 lakhs to be paid so far as the Travancore temples are concerned. The only question before us is how to manage that fund to the advantage of our temples, and incidentally to the Hindu Community.

Sir, the question is mooted in this House whether this House has got a right to enact a law. If a statute has to be enacted, if a law is to be enacted certainly, the only body which is competent to do so is this House. That nobody can question. Certain misgivings have been expressed about the non-Hindu members of this House. I feel confident that those members are not anxious to interfere with the rights or rather the religious rights of the Hindus in this State. I would only welcome their valuable advice so far as this Bill is concerned and leave us to decide what ought to be the provisions of the Bill. I also would request that this Bill should not be taken as a Party question. It is a religious thing and each man may have his own religious sentiments. So, irrespective of party affiliations, it would be better if the Members are given full freedom to express their opinion and see that proper provisions are made in conformity with the general religious instincts.

Sir, I would just mention a few things that ought to be considered by a Select Committee. No doubt it will be an ideal thing if a Hindu Mandal is formed and they are given the right to elect their representatives to run the Devaswam Board. If that is not practicable, for the present, I think we should next see what would be the second best.

Sir, here the Rajpramukh is asked to nominate one member to the Board; the Hindu Members of the Cabinet another member; and the Hindu Members of the Assembly a third member. I cannot foresee a state in this State when this Legislature would not have a single Hindu Member in the Cabinet or in the Legislature. We can certainly hope that the nomination of the Pajpramukh would be impartial and only in the interests of the State. Here we have two Boards—the Cochin Board and the Travancore Board. No doubt, it would also be good if we had a Common Board for both these States. If, as a matter of fact, we are going to have different Boards, so far as the members are concerned, I also insist that the Member for the Travancore Board should be elected by the Travancore Members of the Assembly and the

LIBRARY ARCHIVES Kerala Legislative Assembly

Member for the Cochin Board elected by the Cochin Members of this House. Then the question will arise as regards the nomination by the Cochin Members. Though there would be Hindu Members in the Cabinet, they need not represent the majority opinion. Because, our Cabinet can be constituted even by a majority of the Hindus in opposition. So they do not represent the majority view of the Hindus of the Legislature. Certainly, they can take only members from their Party. I would suggest that instead of one member being nominated by the Cabinet and one member by the Assembly, two members may be elected by the Assembly by the single transferable vote, so that the majority opinion in the Assembly may also be represented and the minority opinion of the Hindu Members may also find a representation in the Board.

Then, Sir, Chapter III deals with the administration of Sree Padmanabhaswami Temple. I think the powers under the Chapter III were rather drafted in haste. We find that there is a section in Chapter III whereby the administration of Sree Pandaravagai properties vest in an Executive Officer. So far as my knowledge goes, Sree Padmanabhaswami Temple or the Swami there has no properties in the Deity's name to be administered by anyone. It is wrong if you take all that tenure of land called Sree Pandaravaka lands. Separate from Pandaravaka lands. There is absolutely no difference between *Pandaravaka* and *Sreepandaravaka* Properttes. The only thing is that the tax or revenue collected from the Pandaravaka Properties goes direct to the State and the revenue collected from the Sreepandaravaka properties goes for the management of the Temple. By Act I of 1068, our State has declared in unequivocal terms that the revenue from the Sreepandaravaka lands is also to be revenue. In the year 1089, there is a proclamation by which the State undertook to collect all the revenues of the Sreepandaravaka lands and in lieu of that the State is to give annually Rupees 73,000 to the management of the temple. Sir, we find here a sum of Rupees 6,00,000 given to the Sree Padmanabha Temple over and above the entire income from *Seepandaravaka* lands. Thus, at the present rate, it comes to more than three lakhs. So, instead of the Rupees 73,000, our Government pays 9½ lakhs of rupees to the temple. I think the Select Committee would go into this question and see that this property which has been declared by our State as nothing different from *Pandaravaka* lands should also be treated as Sircar lands and not distinguished from other properties.

Then, in Chapter IV, the Hon'ble Chief Minister said, there is provision made to use the Fund for uplift work and educational purposes of the Hindu-Communities. The Section seems to be mandatory. The purpose stated is laudable. But it is doubted whether the Devaswom Fund which is given for a specific religious purpose can be so utilised and whether a mandatory provision could find a place in the Bill for such a purpose. Can there be a mandatory provision to say that it shall be utilised for education purposes of the community? So far as Education is concerned, the majority of us are of the opinion that the State should take Education into their own hands and that there must be absolutely no difference between one Section and the other in the matter of treatment. But such a provision may create Hindu educational institutions. It does not find adequate support from the people here.

Then, again, Sir, there is provision for auditing the accounts. Sir, the provision is new and I would rather think that the Government are slowly shirking their responsibility. The High Court is to appoint an auditor who should go into the accounts of the Board and if the High Court finds there is mismanagement or misappropriation, they can take action of their own accord. The members are elected, one by the Hindu Members of the Legislature, another by the Hindu Cabinet members and a third by the Rajpramukh. What is the necessity to give the powers of audit to the High Court? It would be rather shirking the responsibility of the Government. I would submit that the Government should audit the accounts. The Government should see whether there is proper administration or not. If there is not, and if there is misappropriation, it should be brought before this House.

Then, Sir, the Hon'ble Chief Minister would say that there are various provision in the Bill whereby even if a member of the Board Commits mistakes they can be rectified and proper redress obtained. I think, Sir, it is necessary to have some provision to see that they do the right thing. As it is, we cannot prevent them from doing some wrong. I think there should be some provision to ensure that they do the right thing. That is absent in the Bill. Such a thing is absolutely necessary.

Sir, finally, Section 133, the last Section wou'd rather seem very unhappy. I do not wish to say that there is something behind that. Sir, if the Hindu Members elect one, I do not see

LIBRARY ARCHIVES Kerala Legislative Assembly

[Sri. K. Sivarama Pillai]

any harm why a member of this House should not be elected. Is it a crime that one has become a member that he is debarred from doing or performing any function in a religious institution? Why should he be debarred from accepting some function in a controlling capacity in a religious institution? That sounds rather strange. It is the history of the past three or four months that has made the Government to bring this provision. Because they did not like one or two members, they should not try to debar all members. I do not see why such a restriction should be made. If the Hindu members of the Assembly do have confidence in a member who is in the Assembly, he should be elected. And there should be no provision to make this impossible.

ശ്രീ. എ. കെ. പാട്ട് പിള്ള: സർ, ഞാൻ ഈ ബില്ലിനെ എതിർക്കുന്നു. അതിനുള്ള കാരണം വിശദമാക്കിക്കൊണ്ടു ബില്ലിന്റെ മറ്റു വിഷയങ്ങളെപ്പറ്റി ചർച്ച ചെയ്യാമെന്നുവിചാരിക്കുന്നു. ഇതു സർവ്വപ്രധാനമായ ഒരു വിഷയത്തെ സംബന്ധിച്ച് അതർഹിക്കുന്നതായ ഒരു ചിന്തനംചെലുത്താതെ, ഹൃദയലാഘവത്തോടുകൂടിയാണു ഈ ബിൽ ഇവിടെ ഹാജരാക്കിയിരിക്കുന്നതെന്നാണു എനിക്കു ആദ്യമായി പറയുവാനുള്ളതു്. രണ്ടാമതായി എനിക്കു ചൂണ്ടിക്കാണിക്കുവാനുള്ള ഹിന്ദുസമുദായത്തിന്റെ ഭാവിയെ മുഴുവൻ ബാധിക്കുന്ന ഇപ്രകാരമുള്ള ഒരു നിയമത്തെ സംബന്ധിച്ചു ആലോചിക്കുന്നതിനു മൻപായി ഹിന്ദുസമുദായത്തിന്റെ പ്രതിനിധികൾ എന്നുള്ള നിലയിലല്ലെങ്കിലും, രാഷ്ട്രീയമായ പരിപാടികളനുസരിച്ചു തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ ആണെന്നിരുന്നാൽത്തന്നെയും, ഹിന്ദുക്കളായി ഇവിടെ സന്നിഹിതരായിട്ടുള്ള അംഗങ്ങളെ ക്ഷണിച്ചുവരുത്തി പ്രധാനമന്ത്രി അവർകൾക്കു എപ്രകാരമാണു ഈ ബില്ലിന്റെ തത്വങ്ങൾ, ഹിന്ദുസമുദായത്തെ സ്പർശിക്കുന്ന ഈ ബില്ലിനു ഹിന്ദു സ്വഭാവമാണുണ്ടായിരിക്കേണ്ടതു എന്നുള്ളതിനെപ്പറ്റിയും മറ്റും ഒന്നാലോചിക്കാമായിരുന്നു. കുറച്ചു നേരത്തേക്കെങ്കിലും പവ്വർ പാളിറ്റിക്സിനും, പാട്ടി പാളിറ്റിക്സിനും അതീതമായി നിന്നുകൊണ്ടു, ഒരു പാട്ടി പ്രശ്നമാക്കുന്നതിനു നിവൃത്തിയില്ലാത്ത ഈ വിഷയത്തെപ്പറ്റി ഈ നിയമസഭയിലെ ഹിന്ദു മെംബറന്മാരെ പ്രത്യേകം ക്ഷണിച്ചുവരുത്തി ചർച്ച ചെയ്യുന്നതിനു ഒരുമ്പെടാഞ്ഞതു എന്തുകൊണ്ടാണെന്നു ഞാൻ ചോദിക്കുന്നു. അപ്രകാരം ചെയ്യുവാനുള്ള ഒരു കടമ ഒരു ഡ്യൂട്ടി, ഒരു ധർമ്മം അദ്ദേഹത്തിനുണ്ടായിരുന്നു. ആ കടമ വേണ്ടപോലെ അദ്ദേഹം നിർവ്വഹിച്ചില്ല.

ഈ ബിൽ അവതരിപ്പിച്ചുകൊണ്ടു ഇപ്രകാരം ഒരു ബിൽ അവതരിപ്പിക്കുവാനുണ്ടായ പശ്ചാത്തലത്തെപ്പറ്റി ചീഫ് മിനിസ്റ്റർ പ്രസ്താവിക്കുകയുണ്ടായി. ദേവസ്വം ബോർഡിന്റെ സൃഷ്ടിയെ സംബന്ധിച്ചും അതിന്റെ ഭരണപരിപാടിയെ സംബന്ധിച്ചും ഉണ്ടായിരിക്കുന്ന പശ്ചാത്തലം എന്താണെന്നുള്ളതു ബ്രൂക്മിറ്റി റിപ്പോർട്ടിൽ നമ്പർ–പാരഗ്രാഫിൽ വളരെ വ്യക്തമായി പറയുന്നുണ്ടു്. ഇവിടത്തെ ഹിന്ദുജനതയുടെ അനേകതലമുറക്കാലത്തെ പരിശ്രമത്തിന്റെയും, മുറവിളിയുടെയും ഫലമായിട്ടാണു തിരുവിതാംകൂറിൽ ദേവസ്വം എന്നു പറയുന്ന ആ സ്ഥാപനംതന്നെ ഉണ്ടായതു എന്നുള്ളതിനെപ്പറ്റി ഒരു സംക്ഷിപ്തചരിത്രംതന്നെ ബ്രൂക്മിറ്റി റിപ്പോർട്ടിൽ പറയുന്നുണ്ടു്. ഈവ്യവസ്ഥാമാണ്ടു ആണു് കേണൽ മൺട്രോ ദേവസ്വമെല്ലാം. ഗവൺമെന്റിന്റെ അധീനതയിലേക്കു എടുത്തതു്. അതിനുമുൻപു ഇവിടെയുണ്ടായിരുന്ന ദേവസ്വങ്ങളെല്ലാം അതാതു സ്ഥലത്തു് അധിവസിച്ചുകൊണ്ടിരുന്ന ഹിന്ദു ജനതയുടെ വകയും, അവരുടെ ദാനംകൊണ്ടു സ്ഥാപിക്കപ്പെട്ടവയും ആയിരുന്നു. എന്നാൽ ഈ ദേവസ്വങ്ങളുടെ ഭരണം എന്തുകൊണ്ടോ ശരിയായി നടക്കുന്നില്ല, എന്നുള്ള അഭിപ്രായത്തോടുകൂടിയും ദുർഭരണമാണു നടക്കുന്നതെന്നു ഹിന്ദുജനതയിൽ ഒരു വിഭാഗം ആളുകൾ പരാതിപ്പെട്ടതുകൊണ്ടും അന്നു നിലവിലിരുന്ന ഗവൺമെന്റു ദേവസ്വം കാര്യത്തിൽ ഇടപെടുകയും ചില അസൗകര്യങ്ങളും വിഷമതകളും അന്നത്തെ ഗവൺമെന്റിനും ദേവസ്വം ഭരിച്ചുകൊണ്ടിരുന്ന ആളുകളും തമ്മിൽ ഉണ്ടാകുകയും ചെയ്തതുകൊണ്ടാണു് ദേവസ്വങ്ങൾ ഗവൺമെന്റിലേക്കു എടുക്കുവാൻ കേണൽ മൺട്രോവിനെ പ്രേരിപ്പിച്ചതെന്നു തോന്നുന്നു.

അന്നത്തെ കണക്കനുസരിച്ചു നമ്മുടെ വലിയ ക്ഷേത്രങ്ങളും, മറ്റനവധി ചെറിയ ക്ഷേത്രങ്ങളുമാണു അന്നു ഗവൺമെന്റിലേക്കു എടുത്തതു്. മുഖ്യമായും പണം നെല്ലാണു് ഈ ദേവസ്വങ്ങളിൽനിന്നെല്ലാംകൂടി അന്നു കിട്ടിക്കൊണ്ടിരുന്നതു്. അതുപോലെ ഇരുമുടിക്കെട്ടു തുടങ്ങിയുള്ള കാണിക്കയും പ്രതിവർഷം മറ്റുവരവും ഉണ്ടായിരുന്നു. ഇപ്രകാരം ഭീമമായ

LIBRARY ARCHIVES Kerala Legislative Assembly

ഒരു സ്വത്തു ഗവണ്മെൻറ എടുത്തുകൊണ്ടു, ഒരു ട്രസ്റ്റിയെന്ന നിലയിൽ എറെടുത്തതിനു ശേഷം, ഫസ്റ്റ് വർഷം കഴിഞ്ഞതിനുശേഷം മാത്രമാണു ഇപ്രകാരം ഈ ദേവസ്വങ്ങളും അവയുടെ അനുഭോക്താക്കൾക്കു ഭരണസൗകര്യത്തിനുവേണ്ടി തിരിയെ വിട്ടുകൊടുത്തതു്. ഈ ക്ഷേത്രങ്ങളാകട്ടെ, ക്ഷേത്രംവക സ്വത്തുക്കളാകട്ടെ മഹാരാജാവിൻറെ വകയായിരുന്നില്ല. ജനങ്ങളുടെ വകയായിരുന്ന ഈ സ്ഥാപനങ്ങളും സ്വത്തുക്കളും എങ്ങിനെയാണു മഹാരാജാവിൻറെ കയ്യിൽ കിട്ടിയതു്? രാജാധികാരം നിലനില്ക്കുവാൻ തുടങ്ങിയ കാലംമുതൽ ഏതു ഭരണസ്ഥാപനങ്ങളെ സംബന്ധിച്ചും ഒരു മേൽക്കോയ്മാധികാരം രാജസ്ഥാനത്തിനുണ്ടായിരുന്നു. ഭരണക്കുഴപ്പംകൊണ്ടും മത്സരംകൊണ്ടും താറുമാറായിക്കിടന്നിരുന്ന ഈ ദേവസ്വങ്ങളെ മേല്പറഞ്ഞ പരമാധികാരം ഉപയോഗിച്ചു ഗവണ്മെൻറ ഭരിച്ചുവന്നു. ഇന്നു മഹാരാജാവിൻറെ പരമാധികാരത്തെ നാം എങ്ങനെ സ്വീകരിച്ചാലും അനേകവർഷകാലത്തെ ഭരണപരിചയത്തിൻറെ ഫലമായി, മറ്റു അന്തഃശ്ചിദ്രങ്ങൾക്കു വഴികൊടുക്കാതിരുന്നതിൻറെ ഫലമായി ആ പരമാധികാരം ഗവണ്മെൻറ ഇത്രയുംകാലം ഉപയോഗിച്ചും പോന്നിരുന്നു. ക്ഷേത്രങ്ങളിൽ ഒർഭരണംകണ്ടാൽ, ട്രസ്റ്റ് എന്നുള്ള നിലയിൽ ആവക ക്ഷേത്രങ്ങളിലെ ഭരണം നടത്തിക്കൊണ്ടുപോകുന്നതിനുള്ള അധികാരം അങ്ങനെ രാജസ്ഥാനത്തിനു ഒരവകാശമായി സിദ്ധിച്ചു. അതു ഏറ്റവും സ്വീകാര്യമായ ഒരു തത്വമായും തീർന്നു. അങ്ങനെ ഒരു ട്രസ്റ്റ് എന്ന നിലയിൽമാത്രം മഹാരാജാവിനും ആ വഴിക്കു ഗവണ്മെൻറിനും സിദ്ധിച്ച സ്ഥാപനങ്ങളും സ്വത്തുക്കളുമാണു ദേവസ്വങ്ങളും അവയുടെ സ്വത്തുക്കളും. അല്ലാതെ ഒർഭരണത്തിൻറെ ഫലമായോ, മറേറതെങ്കിലും കാരണവശാലോ രാജാധികാരം ഉപയോഗിച്ചു ഈ സ്ഥാപനങ്ങളും സ്വത്തുക്കളും ഗവണ്മെൻറിലേക്കു കണ്ടുകെട്ടുകയല്ലായിരുന്നു ചെയ്തതു്. ഞാൻ ഇത്രയും പറഞ്ഞതു ഈ സ്ഥാപനങ്ങളും സ്വത്തുക്കളും അങ്ങനെ കണ്ടുകെട്ടുകയായിരുന്നുവെന്നും, അതിനാൽ ഈവക സ്വത്തുക്കളുടെ സംപൂർണ്ണമായ ഉടമസ്ഥാവകാശം ഗവണ്മെൻറിനു മാത്രമാണുള്ളതെന്നും ചിലർ അഭിപ്രായപ്പെട്ടുന്നതായി കേട്ടതുകൊണ്ടാണു്. എന്നാൽ, ഇതു കേവലം ട്രസ്റ്റിഷിപ്പിനുമേലുള്ള അധികാരം മാത്രമാണു്, ആ നിലയിലുള്ള ഒരധികാരം മാത്രമെ ക്ഷേത്രങ്ങളുടെമേൽ ഗവണ്മെൻറിനുള്ളു എന്നു പല ഹൈക്കോടതിവിധികളിലും സ്ഥാപിക്കപ്പെട്ടിട്ടുണ്ടു്. ഉള്ള സ്വത്തുക്കൾനോക്കി ശരിയായ കണക്കുകൾവച്ചു ഭരിക്കുവാനും, ഹിന്തുക്കൾ ആവശ്യപ്പെട്ടാൽ തിരിയെ ഏല്പിക്കുവാനും ബാദ്ധ്യതയുള്ള ഒരു ട്രസ്റ്റിഷിപ്പുമാത്രമെ ദേവസ്വത്തിൻറെമേൽ ഗവണ്മെൻറിനുള്ളുവെന്നു ഹൈക്കോടതി വിധിയുണ്ടായിട്ടുണ്ടു്. സർ, ഇൻഡ്യ ഒരു മതേതര രാഷ്ട്രമാണു്. അല്ലാതെ ഒരു സോഷ്യലിസ്റ്റ രാഷ്ട്രമല്ല. ഇവിടത്തെ ഭരണഘടന സോഷ്യലിസ്റ്റ വ്യവസ്ഥിതിയാലായിരുന്നുവെങ്കിൽ, ഈ രാജ്യത്തുള്ള യാതൊരു മതസ്ഥാപനങ്ങൾക്കും സ്വത്തും സ്വത്തുണ്ടാക്കുവാനുള്ള അവകാശവും പാടില്ല എന്ന തത്വം പുലർത്തുന്നതിൽ എനിക്കും ആക്ഷേപമുണ്ടാകുകയില്ലായിരുന്നു. കമൽപാഷാ ടക്കിയിലെ ഭരണം കയ്യേറപ്പോൾ ഇതുപോലെ സകല മതസ്ഥാപനങ്ങളുടെയും സ്വത്തുക്കൾ ഒരു നിയമപ്രകാരം ഗവണ്മെൻറിലേക്കു എടുക്കുകയാണുണ്ടായതു്.

എന്നാൽ ഇന്നു ഇവിടെ ഇരിക്കുന്ന നിലയിൽ ഇതിൻറെ യാഥാർത്ഥ്യത്തെ നാം അംഗീകരിക്കേണ്ടിയിരിക്കുന്നു. സ്വകാര്യസ്വത്തുടമ ആകാമെന്നുള്ളതു് ഇന്നു നിലവിലിരിക്കുന്നുണ്ടു്. ഇതനുസരിച്ചു് ഇൻഡ്യയിലെ ഭരണഘടന നോക്കുന്നപക്ഷം, ഇപ്രകാരം അനുവദിച്ചിരിക്കുന്ന ഒരു സംഗതി, ഇതിൻറെ ഗുണഭോക്താക്കളെ എങ്ങനെ ബാധിക്കുമെന്നു കാണാവുന്നതാണു്. എത്രത്തോളം സ്വാതന്ത്ര്യം ഈ സ്ഥാപനങ്ങൾക്കു് അതായതു്, ഈ സ്ഥാപനങ്ങളുടെ ഗുണഭോക്താക്കൾക്കു് കൊടുക്കുന്നുവോ, ആ കാര്യങ്ങളെ സംബന്ധിച്ചു് എന്തെങ്കിലും അഭിപ്രായവ്യത്യാസമോ മറേറാ വരുന്ന അവസരത്തിൽ എല്ലാ സംഗതികൾക്കും, അധികാരം കൊടുത്തിരിക്കുന്ന നീതിന്യായക്കോടതികൾക്കു്, അതിനെ സംബന്ധിച്ചു് തീർച്ചചെയ്യാനുള്ള അധികാരം കൊടുക്കേണ്ടതാണു്, എന്നുള്ള തത്വം ഞാൻ സ്വീകരിക്കുന്നു. അതു നോക്കുന്നപക്ഷം നിയമപ്രകാരമായാലും കവനൻറനുസരിച്ചും അതിനു ശേഷമുള്ള ആർഡിനൻസനുസരിച്ചും (ഒന്നാംനമ്പർ ആർഡിനൻസു്) അധികാരം ജനതയ്ക്കും ഹൈന്ദവജനതക്കു് വിട്ടുകൊടുത്തുകഴിഞ്ഞു. എന്നാൽ അതിൻറെ ഭരണം സംബന്ധിച്ചു് വേണ്ട വ്യവസ്ഥകൾ ഉണ്ടാക്കുവാനുള്ള അധികാരവും അവകാശവും ആർക്കാണു്? ബ്രൂക്ക കമ്മിറിയുടെ റിപ്പോർട്ടിൽ പറയുന്നതു്

"The Constitution, Powers and Duties of the Board will be determined by law to be promulgated by competent authorities"

LIBRARY ARCHIVES Kerala Legislative Assembly

[Sri. A. K. Patchu Pillai]

എന്നാണു്. സർ, ഇതിന്റെ മേൽഭാഗത്തെ വാചകവും താഴെയുള്ള വാചകവും വായിച്ചു നോക്കുകയാണെങ്കിൽ, അതിനുള്ള അധികാരവും ഈ ലെജിസ്ലേറ്റിവ് അസംബ്ലിക്കു് അല്ലെന്നു മനസ്സിലാകും. ഇതു സംബന്ധിച്ചു് പല സ്നേഹിതന്മാരും സംസാരിച്ചുകഴിഞ്ഞിരിക്കുന്നസ്ഥിതിക്കു് അതിനെക്കുറിച്ചു് ഞാൻ ഒന്നും പറയണമെന്നു വിചാരിക്കുന്നില്ല. കാബിനറ്റാണു് അതോറിറ്റി എന്നു നോക്കണം. ഡെഫനിഷൻ അനുസരിച്ചു് ഗണമോക്രാക്കളാണു് അതായതു് ബെനിഫിഷറീസു് എന്നു്.....

Mr. Speaker: That point was already mentioned by Mr. Nilakanta Pillai.

ശ്രീ. എ. കെ. പാച്ചുപിള്ള: ഇന്നുള്ള ഈ നിയമസഭ, ഇതിന്റെ വിശദാംശം....

Mr. Speaker: That question was already raised.

ശ്രീ. എ. കെ. പാച്ചുപിള്ള: വിശദാംശം അതിന്റെ ഗുണദോക്രാക്കൊക്കെവിട്ടുകൊടുക്കേണ്ടതാണു്. അങ്ങനെയൊന്നും ചെയ്തില്ല. ആ സ്ഥിതിക്കു് ഈ ശ്രുപത്തിൽ ഇപ്രകാരം ഒരു നിയമം കൊണ്ടുവരുന്നതിനു് ഈ ഗവണ്മെന്റിനു് അധികാരം ഉണ്ടോ എന്നു നോക്കണം. ഈ ബില്ലിന്റെ പ്രയോക്താവായിരിക്കുന്ന പ്രധാനമന്ത്രി അവർകൾ പറഞ്ഞിട്ടുള്ള പ്രധാനമായ വാദങ്ങളിൽ ഒന്നു്, ആർഡിനൻസു് അനുസരിച്ചു് നാലു വഷ്ത്തേക്കു ഭരണം നടത്താമെങ്കിലും

Mr. Speaker: These matters were already referred to by previous speakers. Such re-petitions cannot be allowed.

ശ്രീ. എ. കെ. പാച്ചുപിള്ള: അതുകൊണ്ടു് ഈ സംയോജനപ്രമാണത്തെ അടിസ്ഥാനമാക്കി എന്താണു നമുക്കു് ലഭിച്ചിരിക്കുന്നതു്, എന്താണു നാം ചെയ്യേണ്ടതു്, എന്നുള്ള സംഗതികളെ സംബന്ധിച്ചു് നാം ആലോചിക്കണം. ഒന്നും ഒൻപതും ആർഡിനൻസുകൾ, സംയോജനപ്രമാണം നമുക്കെന്തെല്ലാം അധികാരം വിട്ടുതന്നിരിക്കുന്നുവെന്നു വ്യക്തമാക്കുന്നില്ല. ഈ അവസരത്തിൽ സഭയ്ക്കുവേണ്ട അറിവുനൽകുന്നതിനുവേണ്ട നിയമോപദേശം ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടെന്നു പറഞ്ഞിരിക്കുന്ന സ്ഥിതിക്കു—അതുസംബന്ധിച്ചും സാരമായ അഭിപ്രായവ്യത്യാസമുള്ളസ്ഥിതിക്കു—അതു പ്രധാനമന്ത്രി സമ്മതിച്ചിരിക്കുന്ന സ്ഥിതിക്കു, ആരുടെയെല്ലാം അഭിപ്രായങ്ങളാണു് ഈ സഭയ്ക്കു് ഉണ്ടെന്നും ആ ഉപദേശങ്ങൾ എന്തെല്ലാമെന്നും, പരമാധികാരി എന്നു പറയുന്ന ഈ സഭയ്ക്കു് ഇതിനെക്കുറിച്ചു് ചർച്ച ചെയ്യാനുള്ള അധികാരം ഉണ്ടോ എന്നും അറിഞ്ഞിരുന്നുവെങ്കിൽ അതു സഹായകരമായിരുന്നേനെ. അപ്രകാരം ചെയ്തിട്ടില്ല. ഇതിലെ ഒൻപതും പത്തുംവകുപ്പുകളെ സംബന്ധിച്ചു് സവിസ്തരം പ്രതിപാദിച്ചുകഴിഞ്ഞു. ക്ലോസ് എന്നു വായിക്കേണ്ട ക്ലോസ്—(൨)—ാം വകുപ്പിൽ ഇപ്രകാരം പറയുന്നു.

"Notwithstanding the repeal by this Act of the said Ordinance, all orders made action taken or things done or deemed to be made, action taken or done, in the exercice of any powers conferred by or under the said Ordinance shall, subject to the provisions of sub-section (3), be deemed to have been made taken or done in exercise of the powers conferred by or under this Act as if it had commenced on the 1st day of February 1950".

അതായതു് ഇതിനു് മുമ്പിരുന്ന ആർഡിനൻസു് അനുസരിച്ചു് എതെല്ലാം സംഗതികൾ ചെയ്തിട്ടുണ്ടെങ്കിലും അതിനുവേണ്ടി, അധികാരത്തിലിരുന്നുകൊണ്ടു ഗവണ്മെണ്ടു് എന്തെല്ലാം പറഞ്ഞിട്ടുണ്ടെങ്കിലും ഭേവസ്ഥാ ബോർഡിനു വിപുലമായ അധികാരം കൊടുത്തിരുന്നുവെന്നാണു് പറയുന്നതു്. ആ അധികാരം വിപുലമാക്കുമ്പോൾ ഇപ്പോഴത്തെ മെമ്പർമാർ അതായതു് വിപുലമായ ഈ അധികാരങ്ങൾ നൽകുന്നതിനുമുമ്പു് തെരഞ്ഞെടുക്കപ്പെട്ട മെമ്പറന്മാർ മാറേണ്ട ആവശ്യമുണ്ടെന്നും ഈ വിപുലമായ അധികാരങ്ങൾ ഉത്തരവാദിത്തോടെ നിർവഹിക്കാൻ തക്കവണ്ണം ഉള്ള ഒരു തെരഞ്ഞെടുപ്പുവേണമെന്നാണു് പറഞ്ഞിരിക്കുന്നതു്. ഈ ബില്ലു് ഇവിടെ ഹാജരാക്കിയപ്പോൾ ഇവിടെ പ്രധാനമന്ത്രി പറഞ്ഞതു് വീണ്ടും ഇപ്പോഴത്തെ മെമ്പറന്മാർതന്നെ തിരഞ്ഞെടുപ്പിനു നിൽക്കുന്നതിനു ബിൽ ബാധകമല്ല എന്നാണു്. മുമ്പു് കൊടുത്തിരിക്കുന്ന അധികാരങ്ങൾതന്നെ ഈ ബില്ലുകൊണ്ടു കൊടുക്കുന്നുണ്ടു്. ആർഡിനൻസുകൊണ്ടും കവനൻറുകൊണ്ടും അധികാരം കൊടുത്തതിനു ശേഷം ഈ ബില്ലുകൊണ്ടു ആ അധികാരം സംകുചിതമാക്കുന്നതിനു ശ്രമിക്കുന്നതായി കാണാൻ കഴിയും. അതും ശരിയല്ല. ഒന്നിനൊന്നു പൊരുത്തമില്ലാത്ത പ്രസ്താവനയാണു ഇതു്. അ

LIBRARY ARCHIVES Kerala Legislative Assembly

തായതു കൂടുതൽ അധികാരങ്ങൾ ബോർഡിനു കൊടുക്കണമെന്നുണ്ടെന്നും അതുകൊണ്ടാണു് പുതിയ എലക്ഷൻ വേണമെന്നും ഒരു ഭാഗത്തും അധികാരത്തെ സങ്കുചിതമാക്കികൊണ്ടു് മറെറാരുഭാഗത്തും പ്രസ്താവിക്കുന്ന സംഗതികൾ തമ്മിൽ യോജിക്കുന്നില്ല. രാഷ്ട്രീയമായ മർദ്ദനംകൊണ്ടു് ബോർഡു് പ്രവർത്തിക്കാതിരിക്കാൻവേണ്ടി രാഷ്ട്രീയ കക്ഷികളിൽപ്പെട്ട ആളുകൾ ദേവസ്വംബോർഡിൽ മെംബർമാരായിരിക്കരുതു്, എന്നുള്ള അഭിപ്രായത്തോടു ഞാനും യോജിക്കുന്നു. അതിന്റെ പിന്നിലുള്ള ഉദ്ദേശം ശരിക്കു നിറവേറണമെങ്കിൽ അതായതു് രാഷ്ട്രീയമായ യാതൊരു പ്രേരണയും ഇതിൽ ഉപയോഗിക്കാതിരിക്കണമെങ്കിൽ ക്ലോസു് ഇതിൽനിന്നും എടുത്തു കളയേണ്ടതാണു്. അങ്ങനെയാണെങ്കിൽ ആർഡിനൻസനുസരിച്ചു കൊടുത്തിരിക്കുന്നതായ അവകാശങ്ങളും അധികാരങ്ങളും ഈ ബില്ലിൽകൊണ്ടു് ഉൾപ്പെടുത്തുകതന്നെ വേണം. ഇതിനെക്കുറിച്ചു് ഒരു എക്സ്പേർട്ട് ബാഡിതന്നെ വിളിച്ചുകൂട്ടിയശേഷം ഈ നിയമസഭയിലെ ഹിന്ദു അംഗങ്ങളുടെ അഭിപ്രായം അനൗപചാരികമായി ആരാഞ്ഞശേഷം ഒരു പുതിയ ബിൽ കൊണ്ടുവരുന്നതായിരിക്കും, ഹിന്ദു സമുദായത്തിനു് എന്തെങ്കിലും ഒരു ഗുണം കിട്ടണമെന്നുണ്ടെങ്കിൽ, നല്ലതു്. ഇതുമാത്രം പറഞ്ഞുകൊണ്ടു് ഞാൻ ഉപസംഹരിക്കുന്നു.

Sri. P. Balakrishnan Tampi: Sir, as in duty bound, I have to praise, fondle and even kiss this legislation, the foster child of the Treasury Benches. Foster child, I advisedly call it because this is the result of the logical termination of the Covenant. If a new Book of Genesis is written just now it would begin like this. First there was the Covenant, then there was the Constitution and on the third day this new Bill. I do not wish to enter into the legal or constitutional position of the Covenant or the Ordinance. For one thing, I do not wish to take the risk of being called to order by the Chair. As for myself, I welcome this Bill because it cannot be denied that there ought to be some legislation governing the charitable and religious institutions of the State. But at the same time I also feel there is the necessity of changing the provisions of the Ordinance in many material particulars.

I am aware that the Board has to carry out the functions that have been in the past performed by the two Ruling Maharajas of Travancore and Cochin with dignity and restraint. Such a Board, I think should be properly elected and should be regulated and controlled by a proper body. This Bill on the other hand provides only for the composition of the Board, and after that there is no control over the Board. That is indeed a defect. I, for one, wish that there is a permanent legislature, something like this legislature, for Devaswoms. I do not say that it should be formed, on the basis of any political suffrage, I mean, the common vote. That may be very good for the constitution of democratic bodies, but Hindu Religious Institutions are by no means democratic in that sense. I wish it should be more Hindu in character than democratic. Some form of indirect election would be of value. Round about temples, Hindu Religious Institutions, something like Religious Panchayats, should be allowed to function and members elected from them. All that I want to ensure is that it should be distinctly religious in character. Even if there is a separate vote at the time of the general election, I am afraid that the predominant feeling then being one of politics, men will not be chosen for their religious affinities. Let us leave the matter to those who believe in temples. The Hon'ble Members of this House have certainly been returned for qualities other than Satvic. We have not been returned because we are virtual worshippers, of innumerable gods and godesses. But there are people who are versed in Tantras, and who believe in temple worship, It is not proper that those who govern Hindu temples have a secular bias, or should be ultimately responsible to a set of people, who are not pious and composed of men who are neither Hindus or Muslims or good Christian. This House consists even of people who do not believe in God. Is it not ridiculous that much a medley of people who do not believe in God or in the Tantric ways of worship should elect the supreme executive of the temples.

I am also led to believe that the sort of control which the High Court can exercise, among its multifarious duties, over the Board will not be very effective. Therefore my argument for a legislature consisting of members elected by all the Hindus of the State and a few members indirectly elected from the temple worshippers would be the proper forum for sitting in judgement over the actions of the Board. If necessary the Maharaja may be invested with certain powers to nominate important personages. After all in a general election, we may be so carried away by political fervour or momentary enthusiasm, that it will not be possible for us to elect a particular Swami of the Ramakrishna Mission or a particularly learned Kaniyar in a corner. There is no chance of their going into the executive body. Therefore nomination is the only

LIBRARY ARCHIVES Kerala Legislative Assembly

[Sri. P. Balakriahnan Thampi]

way to give them representation. Nomination is not anti-democratic. This is followed even in the constitution of our Upper Chambers. All that I have said is to emphasise that the particular body should not be a mere replica of the Legislature. It may even be that one man is elected to be the supreme head just as the Dewan in the former days managed affairs.

I am only sugges ing the many ways in which this oan be changed. I think that by negotiations and contact, even the Contracting parties can be made to al er the terms of the Covenant. In this I am in entire agreement with what Mr. Nataraja Pillai has stated. But all the same, as the Hon'ble Chief Minister stated, we now want some law and therefore I welcome this piece of legislation.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: സർ, ദേവസ്വം ബില്ലിന്റെ നാനാവശങ്ങളെപ്പറ്റിയും ഇവിടെ പ്രതിപാദിച്ചുകഴിഞ്ഞു. അതുകൊണ്ട് സ്പീക്കറുടെ റൂളിംഗിനെ ആദരിച്ച് പുനരുക്തിദോഷം വരാൻപാടില്ലെന്ന് വിചാരത്തോടുകൂടി ഒന്നു രണ്ടു കാര്യങ്ങൾമാത്രം പ്രസ്താവിക്കണമെന്നേ ഞാൻ ആഗ്രഹിക്കുന്നുള്ളൂ. നിയമസഭയ്ക്ക് റിലിജിയസ് ഇൻസ്റ്റിറ്റ്യൂഷനെപ്പറ്റി നിയമം നിർമ്മിക്കുന്നതിനുള്ള അധികാരം ഉണ്ടെന്ന് വിശ്വസിക്കുന്ന ഒരാളാണ് ഞാൻ. ഇൻഡ്യയിൽ അതു എത്രയോ നാളുകൊണ്ട് സ്വീകരിച്ചിട്ടുള്ളതാണ്. അതു സംബന്ധിച്ചു ഒരെതിരഭിപ്രായം ചിലർ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും അനുകൂലമായ ഒരഭിപ്രായമാണ് നിലവിലിരിക്കുന്നതു്. എല്ലാമതക്കാരുടെ കാര്യങ്ങളിലും ഈ നിലസ്വീകരിച്ചു നിയമം ഉണ്ടാക്കിയിട്ടുണ്ടെന്ന് നമുക്ക് കാണാവുന്നതാണ്. പക്ഷെ ആരുടേയും മതവികാരങ്ങളെ വ്രണപ്പെടുത്താതിരിക്കത്തക്കവണ്ണമുള്ള ഒരു നടപടി മാത്രമാണ് എല്ലാ ലെജിസ്ലേക്ചറിലും സ്വീകരിച്ചിട്ടുള്ളതെന്നു കാണാം. ആ നിലയിൽ ഈ നിയമം ഇവിടെ കൊണ്ടുവന്നതു സംഗതമാണെന്നതന്നെയാണ് എനിക്കും തോന്നുന്നതു്. പിന്നെ ഒരു കാര്യം പറയാനുള്ളതു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ മറ്റു പലതും പറഞ്ഞു കഴിഞ്ഞതാണ്. അതായതു് രാഷ്ട്രീയകക്ഷികളുടെ പിടിയിൽനിന്നുമാറി നിൽക്കുന്നതു് എങ്ങനെയാണെന്നുള്ളതാണ്. അക്കാര്യത്തിൽ എനിക്കു മിസ്റ്റർ ബാലകൃഷ്ണൻതമ്പി പറഞ്ഞ ആശയത്തോടു് ഏറ്റവും അനുകൂലിച്ചാണ് സംസാരിക്കുവാനുള്ളതു്.

മിസ്റ്റർ സ്പീക്കർ. മി. ബാലകൃഷ്ണൻതമ്പി സംസാരിച്ചതു റിപ്പീറ്റ് ചെയ്യാൻ പാടില്ല.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: റെപ്പറ്റിഷൻ അല്ല. ഒരെലക്ഷൻമൂലം ഈ മുഖ്യവിഷയം എക്സിക്യൂട്ടീവ് എന്നതരത്തിൽ അമേരിക്കൻ പ്രസിഡണ്ടിനെ തെരഞ്ഞെടുക്കുന്നതുപോലെ തെരഞ്ഞെടുക്കണമെന്നാണ് ഞാൻ ഉദ്ദേശിക്കുന്നതു്. ആ നിലയിൽ ചെയ്യുകയാണെങ്കിൽ ഇക്കാര്യം ശരിയായി നടക്കുമെന്നാണ് എനിക്കു പറയുവാനുള്ളതു്.

ഹിന്ദുമതം എല്ലാ മതങ്ങളേയും ഉൾക്കൊള്ളുന്ന ഒന്നാണെന്നു് ആമതത്തെപ്പറ്റി പഠിച്ചിട്ടുള്ളവർക്ക് അറിയാവുന്നതാണ്. ഒരു അമ്പലത്തിൽതന്നെ കുസ്തുമതവും, മഹമ്മദുമതവും പാഴ്സിമതവും, ബുദ്ധമതവും എല്ലാം അനുസരിച്ചുള്ള അനുഷ്ഠാനങ്ങളും നടത്താൻ ഹിന്ദുമതം യഥാർത്ഥത്തിൽ അനുവാദം നൽകുന്നുണ്ടെന്നാണ് എന്റെ അഭിപ്രായം. ക്ഷേത്രാരാധനത്തിൽ വിശ്വസിക്കുന്നവരെ തെരഞ്ഞെടുത്തു് എല്ലാ സമുദായവിദ്വേഷങ്ങളും നശിപ്പിക്കത്തക്കവണ്ണം എല്ലാ മതങ്ങളേയും ഉൾക്കൊള്ളത്തക്കവണ്ണം ക്ഷേത്രത്തെ ഒരു കേന്ദ്രമാക്കണമെന്നാണ് എനിക്കു പറയാനുള്ളതു്. ഒരു വിദേശാധിപത്യം വന്നശേഷം അങ്ങിനെയുള്ള പഴയ സംസ്കാരം ഇൻഡ്യയിൽ നശിച്ചുപോയി. അതു നാം പുനരുജ്ജീവിക്കണം. അതിനുള്ള പല മാറ്റങ്ങളും ഈ ബില്ലിൽ ഉണ്ടാക്കേണ്ടതാണ്. അതുപോലെതന്നെ അധികാരികൾ എന്തെങ്കിലും പിശകു കാണിച്ചാൽ അതിനു് പരിഹാരം നേടുന്നതിനുള്ള അധികാരം മതത്തിലുൾപ്പെട്ട ഏവർക്കും കൊടുക്കണമെന്നു ഞാൻ ഈ സഭയോടു അപേക്ഷിച്ചുകൊള്ളുന്നു.

മിസ്റ്റർ സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 11 മണിക്ക് വീണ്ടും കൂടുന്നതുമാണ്.

The Assembly adjourned at 4-30 p.m. to meet again at 11 a.m. on Wednesday the 5th April 1950.

V. KRISHNAMOORTHI AIYAR
Secretary, Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly